LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2004 സെപ്റ്റംബർ 16, വ്യാഴം

വാല്യം CXXII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനൊന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2004 സെപ്റ്റംബർ മാസം 16-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I സ്പീക്കറുടെ തെരഞ്ഞെടുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ..... നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. എ. കെ. ബാലനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിർദ്ദേശിക്കുകയും ശ്രീ. കെ. പി. രാജേന്ദ്രൻ പിൻതാങ്ങുകയും ശ്രീ. എ. സി. ഷൺമുഖദാസ് നിർദ്ദേശിക്കുകയും ഡോ. കെ. സി. ജോസഫ് പിൻതാങ്ങുകയും ശ്രീ. പി. സി. ജോർജ് നിർദ്ദേശിക്കുകയും ശ്രീ. കെ. രാധാകൃഷ്ണൻ പിൻതാങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. എ. കെ. ബാലനു വേണ്ടിയുള്ള പത്രിക. ശ്രീ. തേറമ്പിൽ രാമകൃഷ്ണനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് 8 പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ ഉമ്മൻ ചാണ്ടി നിർദ്ദേശിക്കുകയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പിൻതാങ്ങുകയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നിർദ്ദേശിക്കുകയും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പിൻതാങ്ങുകയും ശ്രീ. കെ. എം. മാണി നിർദ്ദേശിക്കുകയും ശ്രീ. കെ. സി. വേണുഗോപാൽ പിൻതാങ്ങുകയും ശ്രീമതി കെ. ആർ. ഗൗരിയമ്മ നിർദ്ദേശിക്കുകയും ശ്രീ. ആര്യാടൻ മുഹമ്മദ് പിൻതാങ്ങുകയും ശ്രീ. എം. വി. രാഘവൻ നിർദ്ദേശിക്കുകയും ശ്രീ. എൻ. ശക്തൻ പിൻതാങ്ങുകയും ശ്രീ. ആർ. ബാലകൃഷ്ണപിള്ള

നിർദ്ദേശിക്കുകയും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പിൻതാങ്ങുകയും ശ്രീ. ടി. എം. ജേക്കബ് നിർദ്ദേശിക്കുകയും ശ്രീ. എ. പി. അനിൽകുമാർ പിൻതാങ്ങുകയും ശ്രീ. വക്കം പുരുഷോത്തമൻ നിർദ്ദശിക്കുകയും ശ്രീ. അടൂർ പ്രകാശ് പിൻതാങ്ങുകയും ചെയ്തിട്ടുള്ളതാണ് പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. മന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ രഹസ്യ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. എ. കെ. ബാലന്റെ പേര് ആദ്യത്തേതായും ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ പേര് രണ്ടാമത്തേതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥികളുടെ പേരിനെതിരെ ഒരു ഗുണന ചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഗുണനചിഹ്നമല്ലാതെ മറ്റടയാളത്തിൽ വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. ഗുണനചിഹ്നം മറന്നുപോകരുത്. നിയമസഭാംഗങ്ങളുടെ പേര് സെക്രട്ടറി ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്കു സമീപം വന്ന് ഏതെങ്കിലും ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പോളിംഗ് അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനു മുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. .....

..... (ബഹളം) .....

II ക്രമപ്രശ്നം

ശ്രീ. ടി. കെ. ദേവകുമാർ: സർ, ...

(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ..... (ബഹളം) എനിക്കറിയാമല്ലോ. ഞാനിവിടെ ഇരിക്കുകയല്ലേ .....(ബഹളം).....ഇങ്ങനെ ബഹളമുണ്ടാക്കുന്നതെന്തിനാണ്?

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇന്ന് ഈ സഭ സമ്മേളിക്കുന്നതിന് കാര്യവിവരപ്പട്ടികയിൽ പറഞ്ഞിരിക്കുന്നത് സ്പീക്കറുടെ തെരഞ്ഞെടുപ്പെന്നാണ്. ഇപ്പോൾ ഞങ്ങളിവിടെ കാണുന്നത് മുഖ്യമന്ത്രിയുടെ കസേരയിൽ, ശ്രീ. എ. കെ. ആന്റണിയുടെ സ്ഥാനത്ത് ശ്രീ. ഉമ്മൻ ചാണ്ടി ഇരിക്കുന്നു. സഭാ നേതാവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. കെ. ആന്റണിയെ ഇന്ന് ഈ സഭയിൽ കാണുന്നുമില്ല. .....(ബഹളം). റൂൾ 64-ൽ പറയുന്നത് രാജി വച്ച ഒരു മന്ത്രിക്ക് പ്രസ്താവന നടത്താൻ അവസരം കൊടുക്കണമെന്നാണ്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ അജണ്ട സ്പീക്കറുടെ തെരഞ്ഞെടുപ്പാണ് പത്രിക നൽകിയിട്ടുമുണ്ട്. ഈ ക്രമപ്രശ്നം അനുവദിക്കാവുന്നതല്ല. ....(ബഹളം)..... ഇന്നത്തെ കാര്യപരിപാടി നമ്മളെല്ലാവരും അംഗീകരിച്ചതാണ്. പ്ലീസ് .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇവിടെ ചില മാറ്റങ്ങൾ വന്നതു സംബന്ധിച്ച് ഔദ്യോഗികമായി അംഗങ്ങളെ അറിയിച്ചിട്ടില്ല എന്ന സത്യം നിലനിൽക്കുകയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനത്തു നിന്ന് പോയി. ഈ സഭയ്ക്ക് എന്തെങ്കിലും അവിശ്വാസം ഉണ്ടായിട്ടല്ല പോയത്. പുതിയ ഒരാൾ വന്നു. അതുപോലെതന്നെ ബഹുമാനപ്പെട്ട സ്പീക്കർ അദ്ദേഹം മന്ത്രിമാരെക്കാൾ ഉയർന്നതാണെന്ന് പറയുകയും താഴെയിരിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെ വന്ന മാറ്റത്തെ സംബന്ധിച്ച് ഔദ്യോഗികമായി ഞങ്ങളെ അറിയിക്കേണ്ടതല്ലേ? അതൊന്നും ഉണ്ടായില്ല എന്നുള്ളത് ബഹുമാനപ്പെട്ട ഒരംഗം ചൂണ്ടിക്കാണിച്ചപ്പോൾ ഒച്ചയിട്ട് അദ്ദേഹത്തെ പറയാൻ സമ്മതിക്കാതെ തടസ്സപ്പെടുത്തുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അദ്ദേഹത്തിന് സംരക്ഷണം നൽകേണ്ടതാണ്. അതും ഉണ്ടായില്ല. എന്താണ് വസ്തുതയെന്ന് ഞങ്ങളെ അറിയിക്കണ്ടേ? ഞങ്ങളും അംഗങ്ങളല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ ക്രമപ്രശ്നമൊന്നും നിലനിൽക്കുന്നതല്ല. ഇലക്ഷൻ ആരംഭിക്കുന്നു.....(ബഹളം).....ചട്ടപ്രകാരം മുഖ്യമന്ത്രി ആണ് സഭാനേതാവ്.....(ബഹളം).....സെക്രട്ടറി പ്ലീസ്,

(വോട്ടെടുപ്പ് നടത്തി)

(തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ, ശ്രീ. എ. കെ. ആന്റണി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീമതി മേഴ്സി രവി, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ സഭയിൽ ഹാജരായിരുന്നില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ.....ഓർഡർ. പോളിംഗ് അവസാനിച്ചിരിക്കുന്നു. ഓരോ സ്ഥാനാർത്ഥിയുടേയും പ്രതിനിധിയായി ഓരോ അംഗത്തിന് അദ്ധ്യക്ഷവേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. രാധാകൃഷ്ണൻ, എന്നീ അംഗങ്ങളുടെ നേതൃത്വത്തിൽ വോട്ടെണ്ണൽ നടത്തി.)

തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. എ. കെ. ബാലന് 39 വോട്ടും, ശ്രീ. തേറമ്പിൽ രാമകൃഷ്ണന് 94 വോട്ടും കിട്ടിയിരിക്കുന്നു. ശ്രീ. തേറമ്പിൽ രാമകൃഷ്ണനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുകയാണ്. അദ്ദേഹത്തെ അനുമോദിക്കുകയും അദ്ദേഹത്തിന് സകല വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊണ്ട് നിയമസഭാ സ്പീക്കറുടെ സ്ഥാനം ഏറ്റെടുക്കാൻ ഞാൻ അദ്ദേഹത്തെ ക്ഷണിച്ചുകൊള്ളുന്നു.

നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. തേറമ്പിൽ രാമകൃഷ്ണനെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ചേർന്ന് അദ്ധ്യക്ഷവേദിയിലേക്കാനയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈ സഭയുടെ അദ്ധ്യക്ഷനായി, സഭാ നാഥനായി തെരഞ്ഞെടുത്തതിൽ ഹാർദ്ദമായി ഞാൻ അങ്ങയെ അനുമോദിക്കുകയാണ്. അങ്ങ് ഈ സ്ഥാനത്ത് പ്രശോഭിക്കുമെന്നകാര്യം അങ്ങയെ അറിയുന്ന എല്ലാ പേർക്കുമറിയാം. ഈ സ്ഥാനത്തേക്ക് അങ്ങ് വരുന്നത് രണ്ടാമത്തെ പ്രാവശ്യമാണ്. ഇതിനുമുമ്പ് ഈ സഭയുടെ നാഥനായി സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് അങ്ങ് നടത്തിയ പ്രവർത്തനം കേരളത്തിലെ എം. എൽ. എ. മാരുടേയും ജനങ്ങളുടേയും മനസ്സിലുണ്ട്. ഗവൺമെന്റിന്റെ ബിസിനസ്സ് നടത്തിക്കൊടുക്കണം, പ്രതിപക്ഷത്തിന്റെയും സഭയിലെ മെമ്പർമാരുടെയും അവകാശങ്ങൾ സംരക്ഷിക്കണം ഇതെല്ലാം നിർവ്വഹിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വമാണ് സഭാനാഥൻ എന്ന നിലയിൽ അങ്ങേക്ക് നിറവേറ്റാനുള്ളത്. എത്ര വൈഷമ്യമേറിയ ഉത്തരവാദിത്വമാണെങ്കിലും നീതിപൂർവ്വമായി അവ നിറവേറ്റാൻ അങ്ങേക്ക് ഒരു പൊതുപ്രവർത്തകനെന്ന നിലയിലുള്ള കഴിഞ്ഞകാല അനുഭവങ്ങൾ, ഒരു ജനപ്രതിനിധി എന്ന നിലയിലുള്ള അങ്ങയുടെ പ്രവർത്തനപാരമ്പര്യം, അതിലൊക്കെ ഉപരി ഈ സ്ഥാനത്തുതന്നെ ഇരുന്നുകൊണ്ട് അങ്ങ് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റവും പ്രയോജന പ്രദമാകുമെന്ന് എനിക്കറിയാം. അങ്ങയുടെ പ്രവർത്തനരംഗത്ത്, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പൂർണ്ണമായ സഹായം വാഗ്ദാനം ചെയ്യാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നിയമസഭയെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഒരു പ്രവർത്തനമായിരിക്കും ഗവൺമെന്റ് നടത്തുക. നിയമസഭാ സമ്മേളനം വളരെ കുറച്ചു ദിവസങ്ങൾ മാത്രമേയുള്ളൂ. നിയമസഭാ സമ്മേളന ദിവസങ്ങൾ കൂട്ടണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഒരു വർഷത്തിൽ നൂറ് ദിവസമെങ്കിലും നിയമസഭ കൂടിയിരിക്കണമെന്ന അഭിപ്രായഗതിയും ഉയർന്നുവന്നിട്ടുണ്ട്. നിയമസഭയെക്കൂടി പൂർണ്ണമായി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്ന ഈ ഗവൺമെന്റ് ഒരു വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസമെങ്കിലും നിയമസഭ കൂടത്തക്ക സാഹചര്യമുണ്ടാക്കുമെന്ന് പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നിയമസഭയെ മറികടന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഒരിക്കലും നടത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഗവൺമെന്റിന് ചിലപ്പോൾ ചില പ്രത്യേക സാഹചര്യത്തിൽ ഓർഡിനൻസ് ആവശ്യമായിട്ടുവരും. അത് പരമാവധി കുറയ്ക്കും. ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിലല്ലാതെ അതു കൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ല. നിയമസഭയ്ക്കകത്തായാലും പുറത്തായാലും യോജിക്കാവുന്ന മേഖലകളിൽ യോജിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കേണ്ട ഒരു അവസരത്തിലാണ് അങ്ങ് ഈ സ്ഥാനത്തേക്ക് ഉയർന്നുവന്നിരിക്കുന്നത്. പൂർണ്ണമായ സഹായസഹകരണങ്ങൾ അങ്ങേക്ക് ഞാൻ വാഗ്ദാനം ചെയ്യുന്നു. പ്രതിപക്ഷത്തെക്കൂടി പൂർണ്ണമായി വിശ്വാസത്തിലെടുത്തുകൊണ്ട് മുന്നോട്ടുപോകാനുള്ള പ്രവർത്തന രീതിയായിരിക്കും ഗവൺമെന്റ് ആവിഷ്കരിക്കുന്നത്. അങ്ങേക്ക് ഒരുവിധത്തിലും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സമീപനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുകയില്ല. സഭാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് അങ്ങയുടെ ഉത്തരവാദിത്വം ഏറ്റവും നീതിപൂർവ്വമായി നിറവേറ്റുന്നതിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു. അങ്ങ് ഇതിനുമുമ്പ് സഭാനാഥനായിരുന്ന കാലത്ത് ആ സഭയിൽ ഞാനും അംഗമായിരുന്നു. അന്ന് അങ്ങയുടെ പ്രവർത്തനരീതികൾ നേരിട്ട് മനസ്സിലാക്കി, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനുമുള്ള അവസരം എനിക്ക് ലഭിച്ചിരുന്നു. ഈ സഭയിലും അങ്ങ് അതേ രൂപത്തിലുള്ള പ്രവർത്തനരീതികൾ നടത്തിക്കൊണ്ട് സഭയുടെ വിശ്വാസവും ആദരവും പിടിച്ചുപറ്റുമെന്ന് ഞാൻ ആശിക്കുന്നു. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിജയകരമായ നിലയിൽ നടത്തിക്കൊടുക്കുന്നതിന് അങ്ങ് ബാധ്യസ്ഥനാണ്. ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷത്തിന്റേയും ശക്തമായ അഭിപ്രായങ്ങൾ എന്തെന്ന് മനസ്സിലാക്കി അത് പ്രകടിപ്പിക്കുവാനുള്ള അവസരം നൽകുകയുംകൂടെയാണ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ആ നിലയിൽ പ്രതിപക്ഷത്തിനുള്ള ജനാധിപത്യപരമായ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് അതിനുള്ള അവസരം ശരിയായ നിലയിൽ വിനിയോഗിക്കുവാൻ സാഹചര്യം നൽകി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് അങ്ങയുടെ ഈ പദവി സമർത്ഥമായ വിധത്തിൽ വിനിയോഗിക്കുമെന്ന് ഞാൻ ആശിക്കുന്നു. ഇവിടെ കോൺഗ്രസ്സിന് തനിച്ച് ഭൂരിപക്ഷമില്ല. യു. ഡി. എഫ്. ഭൂരിപക്ഷത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഒരു മാറ്റം ഇവിടെ ഉണ്ടായി. അതിനുശേഷം യു. ഡി. എഫ്. ഒന്നിച്ചുകൂടി ഒരു സഭാനേതാവിനെ തെരഞ്ഞെടുത്തില്ല. പത്രത്തിൽ ചില കാര്യങ്ങൾ വന്നു. ഈ വക കാര്യങ്ങളെ സംബന്ധിച്ച് അറിയാനുള്ള അവകാശം പ്രതിപക്ഷത്തിനുണ്ട്. ഭരണഘടനാപരമായി ഇത്തരം കാര്യങ്ങളിൽ ചെയ്യേണ്ട പ്രവർത്തനരീതികൾ ഒന്നും തന്നെ ചെയ്തിട്ടില്ല. ഭൂരിപക്ഷമുണ്ടെന്നുള്ള ഒരു അഹന്തയോ തൻപ്രമാണിത്തമോ വച്ചിട്ട് ഭരണഘടനാപരമായി കാര്യങ്ങൾ നിറവേറ്റുന്നതിൽ വന്നിട്ടുള്ള വീഴ്ച ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. അത് അവഹേളിതമായിപ്പോയി എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. മേലിൽ ഇത്തരം രീതികൾ തുടരുകയില്ലെന്ന് ഞങ്ങൾ കരുതുന്നു. അങ്ങേക്ക് പ്രതിപക്ഷത്തിന്റെ എല്ലാ വിധത്തിലുള്ള പിൻതുണയും വിജയവും ഉണ്ടാകുമെന്ന് അറിയിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിറുത്തുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച അതേ വികാരം എന്റെ കക്ഷിയെ പ്രതിനിധീകരിച്ച് ഞാനും നിയമസഭാംഗമെന്നുള്ള നിലയിൽ പ്രകടിപ്പിക്കുകയാണ്. സഭയ്ക്ക് പ്രത്യേക സന്തോഷമുണ്ട്. ഇന്നിവിടെ വോട്ടെടുപ്പിലൂടെയാണ് അങ്ങ് വന്നതെങ്കിലും വളരെ ആഴത്തിലുള്ള ഒരു സൗഹൃദം ഇവിടെ പ്രകടമാണ്. സഭാദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്ന നടപടിക്രമം തികച്ചും സൗഹൃദപരമായ അന്തരീക്ഷത്തിലാണ് ഇവിടെ നടന്നിരിക്കുന്നത്. നിയമസഭയുടെ കഴിഞ്ഞകാല ചരിത്രങ്ങൾ പരിശോധിച്ചാൽ കൂടുതൽകൂടുതൽ സൗഹൃദം വളർന്നുവരുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. നിയമസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ അർത്ഥപൂർണ്ണമായിക്കൊണ്ടിരിക്കുന്നു, പഴയതുപോലുള്ള കുഴപ്പങ്ങളും പ്രശ്നങ്ങളുമൊന്നും അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കാലത്തായി ഇല്ല. അത് ഞങ്ങളുടെ മുഖ്യ അദ്ധ്യാപകൻ ഉഗ്രപ്രതാപിയായിരുന്നതു കൊണ്ടു മാത്രമല്ല, സ്വാഭാവികമായി വളർന്നുവന്ന മെച്ച്യൂരിറ്റിയാണെന്നാണ് ഞാൻ കരുതുന്നത്. എന്തായിരുന്നാലും മണ്ടാം തവണയാണ് ഞങ്ങൾക്കെല്ലാവർക്കും സുപരിചിതനായ അങ്ങ് സഭാദ്ധ്യക്ഷനായി വന്നിരിക്കുന്നത്. അതിന് പ്രത്യേകമായ അഭിനന്ദനങ്ങൾ അർഹിക്കുന്നു. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പുള്ള കുറച്ചുകാലം സംസ്ഥാനത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും വികസനം ത്വരിതപ്പെടുത്തുന്നതിലുമൊക്കെയോജിച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിൽ നിയമസഭാംഗങ്ങളുടെ സൗഹൃദത്തിന് വലിയ പങ്കുണ്ട്. ഒരുപാട് കാര്യങ്ങളിൽ ഒന്നിച്ചു സംസാരിച്ച് ഏകാഭിപ്രായമുണ്ടാക്കാനുണ്ട്. ഈ രാജ്യത്തു വന്നിരിക്കുന്ന രാഷ്ട്രീയ സാഹചര്യം വച്ചു നോക്കുമ്പോൾ ആയോജിപ്പിന്റെ മേഖലകൾ വികസിപ്പിക്കാവുന്നതാണ്. അതിനൊക്കെ നിയമസഭയ്ക്ക് പ്രത്യേകമായ പങ്കുണ്ട്. ഈ അന്തരീക്ഷത്തിന് ലീഡർഷിപ്പ് കൊടുക്കാൻ അങ്ങേക്ക് കഴിയട്ടെയെന്ന് ഞാൻ ആശിക്കുകയാണ്. ഇപ്പോൾ പുതിയ മുഖ്യമന്ത്രി വന്നു, പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത് അവിചാരിതമായി വന്നു എന്നാണ്. അങ്ങനെയല്ല. അതിന് പാലിക്കേണ്ട നടപടിക്രമം എന്നു പറയുന്നത്, ഭരണകക്ഷിയിലെ എല്ലാ കക്ഷികളും കൂടി എഴുതിക്കൊടുക്കുക എന്നതാണ്. അങ്ങനെയുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ട്. നിയമസഭാ ചട്ടം അനുസരിച്ച് യു.ഡി.എഫ്.-ന്റെ ആളുകളെല്ലാം കൂടി ഗവർണ്ണർക്ക് എഴുതിക്കൊടുത്തിട്ടാണ് സഭ നടക്കുന്നത്, നിയമസഭയുടെ കാര്യങ്ങൾ എന്നു പറയുന്നത് ചട്ടമനുസരിച്ചുള്ളതാണ്. ആ ചട്ടങ്ങളിൽ പറഞ്ഞ കാര്യങ്ങളൊക്കെ അതിന്റെ സമയത്തു നടക്കുമെന്നാണ് ഇവിടത്തെ ചർച്ച കേട്ടപ്പോൾ എന്റെ എളിയ വിവരം വച്ച് എനിക്കു തോന്നിയത്. നടക്കേണ്ടതായ ഘട്ടങ്ങളിൽ കാര്യങ്ങൾ നടക്കും. ഈ ഘട്ടം സ്പീക്കർ തെരഞ്ഞെടുപ്പാണ്. ഞാൻ എന്റെ അഭിപ്രായം പറഞ്ഞുവെന്ന് മാത്രമേയുള്ളു. എന്തായാലും ശരി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞതുപോലെ അങ്ങേക്ക് പ്രത്യേകമായി അഭിനന്ദനം അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം ചുരുക്കുന്നു.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഞങ്ങളുടെ എല്ലാ വിധത്തിലുള്ള പിൻതുണയും സഹകരണവും വാഗ്ദാനം ചെയ്യുകയാണ്. വ്യക്തിപരമായി പറയുകയാണെങ്കിൽ ഞാൻ അങ്ങയുടെ നിയോജകമണ്ഡലത്തിലുള്ള ഒരു മെമ്പറും കൂടിയാണ്. ആ നിലയിൽ, നാട്ടുകാരുടെ പേരിലുള്ള അഭിനന്ദനങ്ങളും അറിയിക്കുകയാണ്. ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കാൻ, അത് ഇവിടെ പ്രകടിപ്പിക്കേണ്ടതും ശക്തമായി ഉന്നയിക്കേണ്ടതും പ്രതിപക്ഷത്തിന്റെ ചുമതലയാണ്. ആ ചുമതല നിർവ്വഹിക്കുമ്പോൾ പല കാര്യങ്ങളെ സംബന്ധിച്ചും ചിലപ്പോൾ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കുമൊക്കെ കുറച്ചുകൂടി വ്യത്യസ്തമായി, അല്ലെങ്കിൽ അതിനൊക്കെ സഹായകരമായ രീതിയിൽത്തന്നെ ചില വിഷയങ്ങൾ ഇവിടെ അവതരിപ്പിക്കേണ്ടിവരും. ചില വിഷയങ്ങൾ ശക്തമായി ഇവിടെ ഉന്നയിക്കേണ്ടിവരും. അതൊക്കെ ജനങ്ങളോടുള്ള പ്രതിബദ്ധതയുടെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. അതൊക്കെ ഉൾക്കൊള്ളാനും മനസ്സിലാക്കാനും അത്തരം ചർച്ചകൾ സജീവമാക്കിക്കൊണ്ടുവരാനും നിയമസഭയുടെ വേദി ഉപയോഗപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അതിന് സഹായകരമായ നിലപാട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സ്പീക്കറിൽ നിന്നുണ്ടാകുമ്പോഴാണ് ജനാധിപത്യ പ്രക്രിയ കൂടുതൽ സജീവവും ഫലപ്രദവുമാകുന്നത്. രണ്ടാമത്തെ പ്രാവശ്യം സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്ന അങ്ങേക്ക് ദീർഘകാലത്തെ ജനപ്രതിനിധി എന്ന നിലയിലുള്ള അനുഭവവും ഇതുപോലുള്ള പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത അനുഭവസമ്പത്തുമുള്ളതു കൊണ്ട് അതിനൊക്കെ കഴിയും. മെമ്പർമാരുടെ സ്നേഹവും ആദരവുമൊക്കെ പിടിച്ചുപറ്റി എല്ലാവരെയും യോജിപ്പിച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതിന് അങ്ങേക്ക് കഴിയട്ടെയെന്ന് എല്ലാ ആശംസകളും നേരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് പറയണമെന്ന് വിചാരിക്കുകയാണ്. നിയമസഭ ചേരുന്നതിനെ സംബന്ധിച്ച്, 100 ദിവസമെങ്കിലും നമുക്ക് സഭ ചേരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. തീർച്ചയായും നല്ല കാര്യമാണ്. അങ്ങനെ പുതിയ മുഖ്യമന്ത്രി ചിന്തിക്കുന്നുണ്ടെങ്കിൽ അത് അഭിനന്ദനാർഹമായ കാര്യമാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റെന്നും ആ നയങ്ങൾ തന്നെയാണ് തങ്ങൾ തുടരുന്നതെന്നും ആവർത്തിച്ച് പ്രഖ്യാപിച്ചതുകൊണ്ട് ഒരു കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് വന്നിട്ട് മൂന്നര വർഷമായി. നിയമസഭ കൂടുന്നതിന്റെ ദിവസങ്ങൾ കുറഞ്ഞുവരുകയാണ്. വർഷത്തിൽ 50-52 ദിവസങ്ങളാണ് ഇപ്പോൾ നിയമസഭ ചേരുന്നത്. അത് ഞങ്ങൾ തടസ്സപ്പെടുത്തിയിട്ടില്ല. നിയമസഭ കൂടുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് താൽപ്പര്യമുണ്ടാകുന്നില്ല. നിയമനിർമ്മാണം അല്ലെങ്കിൽ അത്യാവശ്യം ബിസിനസ് നടത്തി സഭ പിരിയുന്നതിലാണ് ഗവൺമെന്റിന് കൂടുതൽ താൽപ്പര്യം. അതിൽനിന്ന് വ്യത്യസ്തമായി 100 ദിവസമെങ്കിലും നിയമസഭ സമ്മേളിക്കാൻ നിങ്ങളുടെ ഗവൺമെന്റ് തീരുമാനിക്കുന്നുണ്ടെങ്കിൽ അത് അഭിനന്ദനാർഹമാണ്. അതിന് ഞങ്ങളുടെ എല്ലാവിധ പിൻതുണയും ഉണ്ടായിരിക്കും. മറിച്ച് ഇനിയും നിയമസഭാ സമ്മേളനം ചുരുക്കിക്കൊണ്ടുപോകുകയാണെങ്കിൽ ജനങ്ങൾക്കു തന്നെ സഭയോടുള്ള ആദരവും ബഹുമാനവും കുറയുമെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ പ്രസംഗം ചുരുക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് എല്ലാ വിധത്തിലുള്ള ആശംസയും പിൻതുണയും ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേക്ക് എല്ലാ പ്രവർത്തന വിജയങ്ങളും നേരുകയാണ്. ഇത് രണ്ടാം തവണയാണ് അങ്ങ് ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. അത് സൂചിപ്പിക്കുന്നത്, അങ്ങയുടെ ജനസമ്മതിയും നിയമസഭാംഗങ്ങൾക്ക് അങ്ങയോടുള്ള വിശ്വാസവുമാണ്. പക്വമായ ചിന്തയും വാക്കുകളും പെരുമാറ്റവുമാണ് അങ്ങേക്ക് കൈവന്നിട്ടുള്ള സിദ്ധികൾ. തീർച്ചയായും ഒരു സ്പീക്കർ എന്ന നിലയിലുള്ള പ്രവർത്തനത്തിന് അതു കൂടുതൽ സഹായകരമായിരിക്കും എന്നുള്ളതിന് യാതൊരു സംശയവുമില്ല. കാറും കോളും നിറഞ്ഞ ഒരന്തരീക്ഷത്തിൽ നിയമസഭയാകുന്ന നൗകയെ ലക്ഷ്യത്തിലെത്തിക്കാൻ അങ്ങയുടെ സമവായവും അനുരഞ്ജന ശ്രമങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നയതന്ത്രജ്ഞതയും ഉപകരിക്കുമെന്നുള്ളതിൽ സംശയമില്ല. ഇന്ന് മലയാള മനോരമയുടെ മുഖപ്രസംഗം വളരെ ശ്രദ്ധേയമായിട്ടുണ്ട്. എം.പി.-മാർക്കും ഡയസ്നോണോ? ഒരു ചോദ്യമാണ്. കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ചർച്ചയില്ലാതെ ബഡ്ജറ്റും ധനാഭ്യർത്ഥനകളും പാസ്സാക്കിയ പശ്ചാത്തലത്തിൽ പ്രസിദ്ധനായ അഭിഭാഷകനും രാജ്യസഭാംഗവുമായ ശ്രീമാൻ എഫ്.എസ്. നരിമാൻ ഒരു അനൗദ്യോഗിക ബിൽ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നു. അതാണ് പത്രവാർത്തയിലൂടെ വന്നിരിക്കുന്നത്. അതായത് നിയമസഭ സ്തംഭിപ്പിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളും, ബിസിനസും നടത്തുന്നില്ലെന്നുണ്ടെങ്കിൽ എം.പി.-മാർക്ക് അലവൻസ് കൊടുക്കാൻ പാടില്ല എന്നുള്ളതാണ് അനൗദ്യോഗിക ബില്ലിലെ സാരാംശം. ആ ബില്ലിലെ എല്ലാ വ്യവസ്ഥകളോടും വ്യക്തിപരമായി യോജിപ്പില്ലെങ്കിൽപ്പോലും അതിന്റെ പിന്നിൽ അന്തർലീനമായിരിക്കുന്ന മഹത്തായ ഒരു തത്വമുണ്ട്. നിയമസഭയെ സംബന്ധിച്ചിടത്തോളം ബിസിനസ് പാവനമാണ്. ആ ബിസിനസ് നടത്തിക്കൊണ്ടുപോകുക എന്നുള്ളത് നിയമസഭയുടെ കടമയും കർത്തവ്യവുമാണ്; അത് സജ്ജമാക്കുക എന്നുള്ളത് ഒരു സ്പീക്കറുടെ കർത്തവ്യമാണ്, ജനങ്ങളുടെ accountability-ക്ക് അത് ആവശ്യവുമാണ്. ഇപ്പോൾ ഒരു മണിക്കൂർ പാർലമെന്റ് പ്രവർത്തനം നടത്തണമെങ്കിൽ 20 ലക്ഷം രൂപ ചെലവ് വരും. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം ഒന്നരലക്ഷം രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അപ്പോൾ നമ്മുടെ ബജറ്റിൽ നിന്ന് ഓരോ മിനിട്ടിനുമുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ ധാരാളം പണം ചെലവാക്കുന്നു. അങ്ങനെയുള്ള നിയമസഭാ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ആ പ്രവർത്തനത്തിൽ നമ്മൾ ശുഷ്കാന്തി കാണിക്കുന്നില്ലെങ്കിൽ, അത് കൂടുതൽ പ്രയോജനം ചെയ്യുന്നില്ലെങ്കിൽ, ബിസിനസ് മുഴുവൻ നടത്തിക്കുന്നില്ല എന്നുണ്ടെങ്കിൽ അത് ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ ഒരു കൃത്യവിലോപമാണ്. ആ നിലയ്ക്ക് ഒരു സ്പീക്കറെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ചുമതല ബിസിനസ് നടത്തിക്കുക എന്നുള്ളതാണ്. അങ്ങേക്ക് നല്ല ഒരു മാതൃകയുണ്ട്. ആ സ്ഥാനത്തുനിന്ന് വിരമിച്ച ശ്രീ. വക്കം പുരുഷോത്തമൻ കാണിച്ചിട്ടുള്ള ഒരു മാതൃക, അദ്ദേഹം ബിസിനസ് നടത്തിക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത ഒരു നിലപാട് എടുത്തിരുന്നു. തീർച്ചയായും ആ നിലപാട് നമുക്ക് അനുഗ്രഹീതമായിട്ടുള്ള ഒരു കാര്യമാണ്. സഭയുടെ ബിസിനസ് തീർച്ചയായും നടത്തിക്കൊണ്ടുപോകാൻ അങ്ങേക്ക് കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു സംശയം പ്രതിപക്ഷത്തുനിന്ന് സൂചിപ്പിച്ചു, പ്രതിപക്ഷനേതാവ് അത് ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. ഭരണഘടനാപരമായ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ലംഘനവും ഈ ഗവൺമെന്റ് കാണിച്ചിട്ടില്ല. ലീഡറുടെ കാര്യത്തിലാണ് അവിടെ സംശയമുന്നയിക്കപ്പെട്ടത്, പ്രതിപക്ഷനേതാവ് അത് ഏറ്റുപറയുകയുണ്ടായി. When a Member of this Legislative Assembly is sworn in as a Chief Minister as per the provisions of the Constitution by the Governor, no further notice is necessary. Chief Minister is Chief Minister. പിന്നെയുള്ളത് ലീഡറെ സംബന്ധിച്ചാണ്, ലീഡർ എന്നുപറയുന്നത്, ഈ നിയമസഭയിൽ മെമ്പറല്ലാത്ത ഒരാൾ മുഖ്യമന്ത്രിയായി sworn in ചെയ്താൽ ലീഡർ ആരാണെന്നുള്ളത് പ്രസക്തമായ ഒരു വിഷയമാണ്, ലീഡറുടെ പേര് അറിയിക്കണം. നിയമസഭാംഗമായ ഒരാൾ മുഖ്യമന്ത്രിയായി ഗവർണ്ണറുടെ മുമ്പാകെ swear in ചെയ്ത സാഹചര്യത്തിൽ ഇവിടെ ഒരു നോട്ടീസിന്റേയും ആവശ്യമില്ല, ലീഡറിന്റെ കാസ്റ്റ്യനുമില്ല. ഇതറിയാതെ ഭരണഘടനാപരമായ ലംഘനം നടത്തി എന്നുപറയുന്നതുതന്നെ ഭരണഘടനാ പ്രൊവിഷൻസിനെ സംബന്ധിച്ചിടത്തോളമുള്ള അജ്ഞതയാണ്. പലപ്പോഴും നമുക്ക് അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ചർച്ച നടത്തുന്നതിനും നിയമസഭയുടെ വിലപ്പെട്ട സമയം പാഴാക്കുന്നതിനും വഴി തെളിക്കുന്നത് അതുകൊണ്ടാണ്. ഈ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട, തെരഞ്ഞെടുക്കപ്പെട്ട അങ്ങേക്ക് നല്ല ഒരു സ്പീക്കറായി പ്രവർത്തിക്കുന്നതിന് എല്ലാ അനുഗ്രഹങ്ങളും കൂടുതൽ കൂടുതൽ വർഷിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, അങ്ങയെ അനുമോദിച്ചുകൊണ്ടും ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, വിദ്യാർത്ഥി ജീവിതകാലം മുതൽ വ്യക്തിപരമായും സംഘടനാപരമായും രാഷ്ട്രീയമായും അങ്ങേക്ക് ഉണ്ടായിട്ടുള്ള അനുഭവങ്ങൾ, ഇതിനുമുമ്പ് ഈ സഭയുടെ നാഥനായി തെരഞ്ഞെടുക്കപ്പെട്ടപ്പോഴും കാര്യങ്ങൾ ശരിയായ അർത്ഥത്തിൽ കൈകാര്യം ചെയ്യാൻ അങ്ങേക്ക് സഹായകരമായിരുന്നു. ഇതിനുമുമ്പ് സഭാനാഥനായിരുന്നപ്പോൾ ഉണ്ടായ അനുഭവങ്ങളും, അതിനുശേഷമുണ്ടായിട്ടുള്ള അനുഭവങ്ങളുമൊക്കെ തന്നെ കൂടുതൽ കൃത്യതയോടുകൂടി ആ ചുമതല നിർവഹിക്കുന്നതിന് അങ്ങേക്ക് സഹായകരമാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. രാഷ്ട്രീയ രംഗത്തെ വേലിയേറ്റങ്ങൾക്കും വേലിയിറക്കങ്ങൾക്കും സാക്ഷ്യംവഹിക്കാൻ അങ്ങേക്ക് അവസരമുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ ആ സന്ദർഭങ്ങളിലൊക്കെ സൗമ്യശീലനായി, ശാന്തപ്രകൃതനായി അതിനെയൊക്കെ നേരിടാനും കൈകാര്യം ചെയ്യാനും അങ്ങേക്ക് കഴിഞ്ഞിട്ടുമുണ്ട്. ഈ സഭയിൽ എത്രൊക്കെ വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും കോളിളക്കങ്ങളുമുണ്ടായാലും അങ്ങയുടെ സൗമ്യശീലവും ശാന്തപ്രകൃതിയും അത് കൈകാര്യം ചെയ്യുന്നതിന് അങ്ങേക്ക്

LIBRARY ARCHIVES Kerala Legislative Assembly

സഹായകരമാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മുൻ സ്പീക്കറുടെ കാലയളവിൽ എന്തൊക്കെ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നാലും സഭ കൃത്യസമയത്ത് പിരിയുമെന്നുള്ള ഒരു സ്ഥിതിവിശേഷമുണ്ടായിരുന്നു. ഇടക്കാലത്ത് വളരെ കുത്തഴിഞ്ഞുപോയ ഈ സഭയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഒരു നിശ്ചയദാർഢ്യം പുനഃസ്ഥാപിക്കുന്നതിന് കഴിഞ്ഞു. കുറച്ച് അംഗങ്ങൾ മാത്രമുള്ള കക്ഷികളെ സംബന്ധിച്ചിടത്തോളം അത് ചില ബുദ്ധിമുട്ടുകളുണ്ടാക്കിയിട്ടുണ്ടെങ്കിലും കൃത്യസമയത്ത് സഭ പിരിയുമെന്നുള്ളത് സ്വാഭാവികമായ ഒരു നല്ല പരിണാമമായിട്ടാണ് കണ്ടത്. ആ പാരമ്പര്യം നിലനിർത്തുന്നതിന് അങ്ങും ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുകയാണ്. അതോടൊപ്പംതന്നെ നിയമനിർമ്മാണ രംഗത്ത് കാര്യങ്ങൾ വേണ്ടത്ര അവധാനതയോടുകൂടി കൈകാര്യം ചെയ്യാത്ത അവസ്ഥയുമുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് വനം ബില്ലിന്റെ ചർച്ചാവേളയിൽ, അതിൽ ഇവിടെ ചില വകുപ്പുകൾ പാസ്സാക്കുന്നത് കേന്ദ്ര വനം സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നുള്ള വസ്തുതപോലും കണക്കിലെടുക്കാതെ ധൃതിവച്ച് അത് പാസ്സാക്കുകയുണ്ടായി. അതുപോലുള്ള കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല, സർക്കാരിന്റെ ബിസിനസ് നടത്തിക്കൊടുക്കുക എന്നുള്ളത് സ്പീക്കറുടെ ചുമതലയാണ്. ഒരു ഭരണസ്തംഭനം ഒഴിവാക്കാൻ മാത്രം അത്യാവശ്യമായ സർക്കാർ ബിസിനസ് നടത്തിക്കൊടുക്കുക എന്നുള്ള ഒരു ചുമതല മാത്രമാണ് സ്പീക്കർക്കുള്ളത്. അതോടൊപ്പം ജനകീയ പ്രശ്നങ്ങൾ കാലാകാലങ്ങളിൽ ശക്തിയായി ഉന്നയിക്കാനുള്ള ചുമതല പ്രതിപക്ഷത്തിനാണെന്നുള്ള വസ്തുത കണക്കിലെടുത്ത് പ്രതിപക്ഷത്തിന്റെ ആ അവകാശം സാധിച്ചുകൊടുക്കുന്ന കാര്യത്തിൽ, സ്ഥാപിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങേക്ക് നിർവ്വഹിക്കാനുള്ള ചുമതല ശരിക്കും നിർവ്വഹിക്കുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങേക്ക് ഈ ചുമതല എല്ലാ അർത്ഥത്തിലും നിർവ്വഹിച്ചെടുക്കാൻ കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ടും, അനുമോദിച്ചുകൊണ്ടും ഞാൻ ചുരുക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): സർ, നിയമസഭയുടെ നാഥനായി തെരഞ്ഞെടുത്തതിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു. മുഖ്യമന്ത്രി പറഞ്ഞതുപോലെ അങ്ങയുടെ പ്രധാന ജോലി ഗവൺമെന്റിന്റെ ബിസിനസ് നടത്തുകയും ഒപ്പം പ്രതിപക്ഷത്തിന്റേയും മറ്റ് നിയമസഭാംഗങ്ങളുടേയുമെല്ലാം അവകാശങ്ങളെ, അവർക്ക് വിമർശിക്കാൻ പറ്റുന്നവിധത്തിൽ നടത്താനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്ത് നിയമസഭയിൽ സംഘർഷം ഒഴിവാക്കത്തക്ക വിധത്തിൽ നടപടികൾ എടുക്കുകയുമാണ്. സ്പീക്കറുടെ ചുമതല വളരെ വിഷമം പിടിച്ചതാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും പാർലമെന്റിലടക്കം, നിയമസഭയുടേയും പാർലമെന്റിന്റേയുമൊക്കെ പല പ്രവർത്തനങ്ങളും സ്പീക്കർക്ക് മാറ്റിവയ്ക്കേണ്ടതായിട്ടുള്ള സ്ഥിതിയുണ്ടായിട്ടുണ്ട്. അങ്ങയുടെ രാഷ്ട്രീയവും സാമൂഹ്യവുമായ പ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ അങ്ങേക്കുള്ള പരിചയവും മുമ്പ് സ്പീക്കർ എന്ന നിലയിൽ അങ്ങ് നടത്തിയ കർത്തവ്യങ്ങളുമെല്ലാം വച്ച് ഈ സഭ ഭംഗിയായും ഫലപ്രദമായും നടത്തുന്നതിന് അങ്ങേക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. അങ്ങയുടെ ഈ പ്രവർത്തനം അഭിനന്ദനീയമായ വിധത്തിൽ നടത്തുന്നതിന് എല്ലാവിധ സഹായവും എന്റെ പാർട്ടിയിൽ നിന്ന് ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, അങ്ങയെ സ്പീക്കറായി തെരഞ്ഞെടുത്തതിൽ ഞാൻ ആദ്യമായി അഭിനന്ദനം രേഖപ്പെടുത്തുന്നു. ഭരണപരിചയംകൊണ്ടും സ്പീക്കറെന്ന നിലയിലുള്ള മുൻപരിചയംകൊണ്ടും ശാന്തനും സൗമ്യശീലനുമായ അങ്ങ് ഈ സഭയിൽ, അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ച് പ്രവർത്തിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഭരണ മുന്നണിയിൽ തന്നെ ഗ്രൂപ്പു രാഷ്ട്രീയവും അധികാര മൽസരവും നടക്കുന്ന ഈ സമയത്ത് ഒരു പ്രത്യേക സാഹചര്യത്തിലാണ് അങ്ങ് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത്. ഗവൺമെന്റിന്റെ ബിസിനസ്സ് നടത്തിക്കൊടുക്കുക എന്നതോടൊപ്പം തന്നെ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുകകൂടി ചെയ്യുന്നതുവഴിയാണ് ഒരു സഭാനേതാവിന്റെ മികവ് അല്ലെങ്കിൽ കഴിവ് കണ്ടെത്താൻ സാധിക്കുന്നത്. അത് അങ്ങയിൽ നിന്ന് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭരണപക്ഷത്തിന്റെ ബിസിനസ്സുകൾ നടത്തിക്കൊടുക്കാൻ അങ്ങ് ബാദ്ധ്യസ്ഥനാണ്. അതോടൊപ്പം തന്നെ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുവാനും അങ്ങ് ബാദ്ധ്യസ്ഥനാണ്. ഇതു രണ്ടും ഒരു പോലെ സംരക്ഷിക്കുവാൻ അങ്ങേക്കു കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കാറുംകോളും നിറഞ്ഞ ഈ അന്തരീക്ഷത്തിൽ അങ്ങേക്കു അതിനു കഴിയും, കഴിയട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും അങ്ങേക്ക് എല്ലാവിധ ഭാവുകങ്ങളും രേഖപ്പെടുത്തിക്കൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ സഭയുടെ നാഥനായി അങ്ങയെ തെരഞ്ഞെടുത്തതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. അങ്ങയെ അനുമോദിച്ചുകൊണ്ട് രണ്ടാമത്തെ പ്രാവശ്യവും പ്രസംഗിക്കാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. ധാരാളം സ്പീക്കർമാരെ തെരഞ്ഞെടുക്കാനും ഈ സഭയിൽ അവർ പ്രവർത്തിക്കുന്നതു കാണാനും മഹാഭാഗ്യമുണ്ടായ ഒരാളാണ് ഞാൻ. അങ്ങ് പരിണതപ്രജ്ഞനാണ്, കുറച്ചുകാലം മാത്രമേ ഈ സഭയുടെ സ്പീക്കറായി ഇരുന്നിട്ടുള്ളുവെങ്കിലും ഈ സഭയിലെ എല്ലാ വിഭാഗത്തേയും പ്രത്യേകിച്ച് പ്രതിപക്ഷത്തെക്കൂടി പരിഗണിച്ചുകൊണ്ട്, സഭാനടപടികൾ കൃത്യമായി നടത്തിക്കൊണ്ടു പോകുന്നതിൽ വിജയം വരിച്ച ഒരാളാണ് അങ്ങ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ മുൻഗാമിയായിരുന്ന, സ്പീക്കർ പദവിയിൽ നിന്ന് മന്ത്രി

പദവിയിലേക്കു പോയ ശ്രീ. വക്കം പുരുഷോത്തമന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഈ അവസരത്തിൽ ഞാൻ ഓർത്തു പോകുകയാണ്. അദ്ദേഹത്തെക്കുറിച്ച് ആക്ഷേപങ്ങൾ പലതും ഉണ്ടായിട്ടുണ്ട്. ഡോ. എ. നീലലോഹിതദാസൻ നാടാർ പറഞ്ഞതു പോലെ, സഭ കൃത്യമായി നടത്താനും സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ള വസ്തുത ഈ അവസരത്തിൽ അനുസ്മരിക്കാതിരിക്കുന്നതു ശരിയല്ല എന്നാണ് എനിക്കു തോന്നുന്നത്. സ്പീക്കറുടെ ചുമതല എന്നു പറയുന്നത് എല്ലാ വിഭാഗം ജനങ്ങൾക്കും നീതി ഉറപ്പാക്കുക എന്നതാണ്. അതോടൊപ്പംതന്നെ ഗവൺമെന്റിന്റെ കാര്യങ്ങൾ നടത്തിക്കൊടുക്കുക എന്ന മൗലികമായ ബാദ്ധ്യതകൂടി നടപ്പാക്കുമ്പോൾ, സ്വാഭാവികമായും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പലരും അനുഭവിച്ച കൂട്ടത്തിൽ അദ്ദേഹവും അനുഭവിച്ചിട്ടുണ്ട് എന്നുള്ള കാര്യവും ഞാൻ മറക്കുന്നില്ല. പക്ഷേ കണ്ണുള്ളപ്പോൾ കണ്ണിന്റെ കാഴ്ചയറിയില്ല എന്നു പറയുന്നതുപോലെ, ശ്രീ. വക്കം പുരുഷോത്തമൻ കുറച്ചു ദിവസം ഈ സഭയിൽ വരാതിരുന്ന കാലത്താണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ നമുക്കു അനുഭവിക്കാനിടയായത് എന്ന് ഈ അവസരത്തിൽ പറയേണ്ടി വന്നത് നന്നായി എന്നാണ് എന്റെ അഭിപ്രായം. പ്രതിപക്ഷവും അക്കാര്യം സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്. അതുകൊണ്ട് ഇതുപോലുള്ള അവസരങ്ങളിൽ ആ മാതൃക സ്വീകരിക്കുന്നതു ഏതു സ്പീക്കറെ സംബന്ധിച്ചും മോശമായ കാര്യമാണെന്നുള്ള അഭിപ്രായം എനിക്കില്ല. അങ്ങും ഞാനുമായുള്ള വ്യക്തിപരമായ ബന്ധം എത്രയോ വർഷങ്ങൾക്കുമുമ്പു തുടങ്ങിയതാണ്. പല സന്ദർഭങ്ങളിലും ഒന്നിച്ചു പ്രവർത്തിക്കാനുള്ള ഭാഗ്യവും നമുക്കുണ്ടായിട്ടുണ്ട്. പരിണതപ്രജ്ഞനായ അങ്ങ് പ്രതിപക്ഷത്തിന്റെ താൽപ്പര്യങ്ങൾകൂടി കാര്യമായി കണക്കിലെടുത്ത്, സഭാനടപടികൾ നടത്തിക്കൊണ്ടു പോകുന്നതിൽ വിജയിക്കുമെന്നുള്ള കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. നമ്മുടെ ജനാധിപത്യത്തിൽ സ്പീക്കറായി അങ്ങു തെരഞ്ഞെടുക്കപ്പെടുമ്പോൾ, ഞങ്ങൾക്കാർക്കും അങ്ങയുടെ വ്യക്തിത്വത്തെക്കുറിച്ച് യാതൊരു ആക്ഷേപവും അഭിപ്രായ വ്യത്യാസവും ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. ഈ സഭ ഇന്ന് ഒരു പുതിയ മന്ത്രിസഭയുടെ നേതൃത്വത്തിൽ നടക്കാൻ പോകുകയാണു്. ആ സഭ നടത്തിക്കൊണ്ടു പോകുന്നതിൽ വിജയിക്കണമെങ്കിൽ വിട്ടുവീഴ്ചകൾ ധാരാളം ആവശ്യമുണ്ടെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അങ്ങേക്ക് അതിനു കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. സീതിഹാജി സാഹിബിനെപ്പോലെയും ടി.എം. വർഗ്ഗീസിനെപ്പോലെയും കെ. പി. നീലകണ്ഠപ്പിള്ളയെപ്പോലെയുമുള്ള അതിപ്രഗത്ഭന്മാരായ സഭാദ്ധ്യക്ഷന്മാർ ഇരുന്ന കസേരയിലാണ് അങ്ങേക്ക് ഇരിക്കാൻ ഒരിക്കൽക്കൂടി ഭാഗ്യം സിദ്ധിച്ചിരിക്കുന്നത്. സ്വാതന്ത്ര്യസമര നേതാക്കന്മാരായിരുന്ന, ജനങ്ങളുടെ പ്രിയപ്പെട്ട നേതാക്കന്മാരായിരുന്ന വരൊക്കെ കാണിച്ച വഴികളിൽക്കൂടി മുന്നോട്ടു പോകുവാനും കക്ഷി

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയത്തിനതീതമായി ഈ സഭയിൽ പെരുമാറാനും അങ്ങേക്ക് എല്ലാ വിധ അനുഗ്രഹങ്ങളും ഈശ്വരൻ നൽകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഒരിക്കൽക്കൂടി അങ്ങയെ അനുമോദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. കെ.സി. ജോസഫ്: സർ, സ്പീക്കറായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഇതിനുമുമ്പ് സ്പീക്കറായി ഇരുന്നപ്പോൾ ലഭിച്ച അനുഭവസമ്പത്തും നിയമസഭാസാമാജികൻ, പൊതുപ്രവർത്തകൻ എന്നീ നിലയിലുള്ള ദീർഘകാല അനുഭവസമ്പത്തും ഈ സഭയെ നന്നായി നയിച്ച് മുന്നോട്ടു-കൊണ്ടുപോകാൻ അങ്ങേക്ക് ഉതകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഗവൺമെന്റിന്റെ ബിസിനസ്സ് ട്രാൻസാക്ട് ചെയ്യുന്നതിനുള്ള ചുമതല സ്പീക്കർക്കാണ്. ഭരണം നടത്തിക്കൊണ്ടുപോകാൻ ഗവൺമെന്റിനു ബാദ്ധ്യതയുള്ളതുപോലെതന്നെ, ആ ഗവൺമെന്റിന്റെ നയവൈകല്യങ്ങളേയും ജനങ്ങളുടെ പ്രശ്നങ്ങളേയും ഉയർത്തിക്കൊണ്ടുവരുന്നതിന് പ്രതിപക്ഷത്തിനും നിയമസഭയിൽ ചില ബാദ്ധ്യതകൾ നിർവ്വഹിക്കുവാനുണ്ട്. പതിനൊന്നാം കേരള നിയമസഭയിൽ, അതിന്റെ ഘടനയിലുള്ള ചില പ്രത്യേകതകൾ കൊണ്ട്, പ്രതിപക്ഷത്തെ പല കക്ഷികൾക്കും അവരുടെ അവകാശങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിയാണ് ഇന്നു നിലവിലുള്ളത് എന്ന് ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ല. പ്രതിപക്ഷത്തെ ചെറിയ കക്ഷികൾക്ക്, പലപ്പോഴും അവർ പ്രതിനിധാനം ചെയ്യുന്ന മേഖലയുടെ താല്പര്യങ്ങൾ, ഈ സഭയിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് സമയലഭ്യത ഒരു പ്രശ്നമാകാറുണ്ട്. ഘടകകക്ഷികളുടെ എണ്ണം ഒരു അപ്രധാന ഘടകമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അവരെ കണ്ടുകൊണ്ട്, പ്രതിപക്ഷകക്ഷികളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽനിന്ന് അവരെ മാറ്റി നിർത്തുന്നതും നിയന്ത്രിക്കുന്നതും ഉചിതമല്ല എന്നു പറയേണ്ടി വന്നതിൽ എനിക്കു ഖേദമുണ്ട്. അതുകൊണ്ട് പ്രതിപക്ഷ കക്ഷികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ, അവർ പ്രതിനിധാനം ചെയ്യുന്ന മേഖലയുടെ താല്പര്യങ്ങൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹരിക്കാൻ ഗവൺമെന്റിന്റെ ബിസിനസ്സ് ട്രാൻസാക്ട് ചെയ്യുന്നതോടൊപ്പം അതുംകൂടി സംരക്ഷിച്ചുകൊണ്ടുപോകുവാൻ അങ്ങ് മുൻകൈ എടുക്കണം, താല്പര്യം എടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഈ സഭയെ നന്നായി നയിക്കുവാനും സഭയുടെ അന്തസ്സ് കാത്തു സൂക്ഷിച്ച്, പരിപാലിച്ചു കൊണ്ടുപോകുവാനും അങ്ങേക്കു കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഒരിക്കൽക്കൂടി അങ്ങയെ അഭിനന്ദിച്ചുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, അങ്ങയെ വീണ്ടും ഈ സ്ഥാനത്തു കാണുന്നതിനും അഭിനന്ദിക്കുന്നതിനും ഇടയായതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അങ്ങേക്ക് എല്ലാവിധ ആശംസകളും ഞാൻ നേരുന്നു. അങ്ങേക്ക് ഈ സ്ഥാനം ലഭിച്ചതിൽ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവുമധികം കടപ്പെട്ടിരിക്കുന്നത് ശ്രീ. എ.കെ. ആന്റണിയോടാണ്. പുതിയൊരു തെരഞ്ഞെടുപ്പിനുശേഷമല്ല അങ്ങ് സ്പീക്കറായിരിക്കുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ, പതിനൊന്നാം കേരള നിയമസഭയുടെ അവശേഷിക്കുന്ന കാലയളവിലേക്കാണ് അങ്ങു സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. എന്തായാലും സംഭവിച്ചതും സംഭവിക്കുന്നതും ഇനി സംഭവിക്കാനിരിക്കുന്നതും നല്ലതിനാണെന്നാണല്ലോ വേദവാക്യം. അങ്ങേക്ക് ഈ സഭയിൽ നിന്ന് നല്ലതു മാത്രം സംഭവിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ സഭയിൽ നീതിയുടെയും നിഷ്പക്ഷതയുടെയും വക്താവായിരുന്നു നമ്മുടെ മുൻ സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ ഒട്ടേറെ രാഷ്ട്രീയ മാറ്റങ്ങളുടെ ഭാഗമായി, അദ്ദേഹം ട്രഷറി ബഞ്ചിലേക്കു മാറിയ സാഹചര്യത്തിലാണ്, ഈ സഭ നിയന്ത്രിക്കുന്നതിനുള്ള അധികാരം അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്നത്. അധികാരത്തെപ്പറ്റി സൂചിപ്പിച്ചതുകൊണ്ടു പറയുകയാണ്, അധികാരം അസ്ഥിരമാണെന്നാണ് 'അർത്ഥശാസ്ത്രം' പറയുന്നത്. ഭരണശാസ്ത്രത്തിന്റെ ആധാര ശിലയായ കൗടില്യന്റെ 'അർത്ഥശാസ്ത്ര'ത്തിൽ പറയുന്നത്, അധികാരം അസ്ഥിരമായതുകൊണ്ട് അതിന്റെ വിനിയോഗവും ജാഗ്രതയോടുകൂടി വേണമെന്നാണ്. സഭാകാര്യങ്ങളിലുള്ള അങ്ങയുടെ അധികാരം ജാഗ്രതയോടും നിഷ്പക്ഷതയോടുംകൂടി വിനിയോഗിക്കുവാനുള്ള അവസ്ഥ അല്ലെങ്കിൽ സാഹചര്യം അങ്ങേക്ക് ഉണ്ടാകട്ടെ. അവസ്ഥ അല്ലെങ്കിൽ സാഹചര്യം എന്ന വാക്ക് ഞാൻ ബോധപൂർവ്വം പ്രയോഗിച്ചതാണ്. കാരണം അധികാരത്തിന്റെ അവസ്ഥയിലേക്ക് രാജാവിനെ എത്തിക്കുന്ന ശക്തികൾക്ക് നിഗൂഢമായ ഒട്ടേറെ താല്പര്യങ്ങൾ ഉണ്ടാകുമെന്ന് 'ചാണക്യസൂത്രം' പറയുന്നു. രാജാവിനെ സംബന്ധിച്ചിടത്തോളം സദുപദേശം എന്നു തോന്നുന്ന ഒരു കാര്യത്തിനു പിന്നിൽ, അതു ഉപദേശിക്കുന്നവർക്ക് സ്വാർത്ഥതയുടെ ഒരായിരം ദുരുദ്ദേശങ്ങൾ ഉണ്ടായിരിക്കുമെന്നാണ് പറയുന്നത്. അതു തിരിച്ചറിയുന്നിടത്താണ് നീതിമാനായ രാജാവിന്റെ അല്ലെങ്കിൽ അധികാരിയുടെ വിജയം. അങ്ങേക്ക് ഈ തിരിച്ചറിവുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ട്രഷറി ബഞ്ചിന് ഇപ്പോൾ പുതിയ ഒരു മുഖം കൈവന്നിരിക്കുകയാണ്. ഈ പുതിയ മുഖങ്ങൾക്ക് പഴയ മുഖങ്ങളേക്കാൾ നന്നായി ശോഭിക്കാൻ കഴിയുമെന്ന പ്രതീക്ഷ ഫലവത്താകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. പ്രതിപക്ഷത്ത് ഇപ്പോൾ മാറ്റങ്ങളില്ല. എന്നാലും ഈ സഭ നമുക്ക് സജീവമാക്കണം. ട്രഷറി ബഞ്ചിന്റെ കഴിവും പ്രതിപക്ഷത്തിന്റെ സഹകരണവും ഞങ്ങളെപ്പോലുള്ള പഴയ മുഖങ്ങളുടെ സാന്നിദ്ധ്യവും അങ്ങയുടെ നിയന്ത്രണവുംകൂടി ചേരുമ്പോൾ സഭ താനേ സജീവമാകും. മികച്ച സ്പീക്കറായിരുന്ന അങ്ങേക്ക് സഭയിൽ അൽഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. അങ്ങയെ രണ്ടാം പ്രാവശ്യവും അഭിനന്ദിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അങ്ങയുടെ നിഷ്പക്ഷതയും നീതിബോധവും

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയുടെ ഉന്നതമായ മൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ ഇടനൽകട്ടെയെന്ന് ആശംസിക്കുന്നു. അങ്ങേക്ക് ദൈവം എല്ലാ അനുഗ്രഹങ്ങളും പ്രദാനം ചെയ്യട്ടെ. സർവ്വ മംഗളങ്ങളും നേരുന്നു.

ശ്രീ. വി. സി. കബീർ : സർ, അങ്ങ് രണ്ടാം തവണയും ഈ സഭയുടെ നാഥനായതിൽ എനിക്ക് അത്യധികം സന്തോഷമുണ്ട്. വിദ്യാർത്ഥിയായിരിക്കുന്നകാലം മുതൽതന്നെ തൃശ്ശിവപേരൂരിൽ സാമൂഹിക സാംസ്കാരികരംഗത്ത് നിറഞ്ഞു നിന്നിരുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അങ്ങ്. നിയമസഭാംഗമെന്ന നിലയിലും നിയമജ്ഞൻ എന്ന നിലയിലും അങ്ങേക്ക് ഈ സഭ നന്നായി നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇനിയുള്ള നാളുകൾ ശാന്തമായിരിക്കുമെന്ന് അങ്ങ് ധരിക്കരുത്. ഞങ്ങൾ എന്തായാലും വിടില്ലല്ലോ. അപ്പുറത്തിരിക്കുന്ന ആളുകളും വിടില്ലെന്ന് ഇപ്പോൾ സംസാരിച്ചതിൽ നിന്ന് മനസ്സിലായി. അതുകൊണ്ട് ഇനിയുള്ള നാളുകളിൽ കാറും കോളുമുണ്ടായാലും ഈ നൗക, ഈ സഭ നിയന്ത്രിക്കാനും നന്നായി നടത്തിക്കൊണ്ടുപോകാനും അങ്ങേക്ക് കഴിയട്ടെ എന്നാണ് എന്റെ പ്രാർത്ഥന. അങ്ങയുടെ കഴിഞ്ഞ കാലത്തെ പരിചയവും, അനുഭവങ്ങളും നിഷ്പക്ഷതയും സമന്വയത്തിൽ കൊണ്ടുപോകാനുള്ള കഴിവും ഒരു നല്ല സഭാനാഥനെന്ന നിലയിൽ അങ്ങയുടെ വ്യക്തിത്വം ഒരിക്കൽക്കൂടി തെളിയിക്കാൻ ഇടയാക്കട്ടെ. സർവ്വ ശക്തനായ ദൈവം അങ്ങേക്ക് എല്ലാവിധ വിജയവും നൽകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

ശ്രീ. ഷിബു ബേബിജോൺ : സർ, സഭാദ്ധ്യക്ഷനായി അങ്ങയെ തെരഞ്ഞെടുത്തതിൽ വ്യക്തിപരമായി സ്വന്തം പേരിലും എന്റെ പ്രസ്ഥാനത്തിന്റെ പേരിലും ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. വളരെ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് അങ്ങയുടെ മുൻപിലുള്ളതെന്ന് എനിക്കറിയാം. ഈ സഭയുടെ ഇന്നത്തെ അവസ്ഥ അച്ചൻമാരുടെ സ്കൂളുകളിൽ, വളരെ കർശനമായ ഡിസിപ്ലിൻ പാലിക്കുന്ന സ്കൂളുകളിൽ പഠിച്ച കുട്ടികൾ പെട്ടെന്ന് ഗവൺമെന്റ് കോളേജുകളിലേക്ക് വരുമ്പോൾ ഒരു സ്വാതന്ത്ര്യം കിട്ടിയ തോന്നലുണ്ടാകും. ആ സ്വാതന്ത്ര്യമാണ് പല ദുസ്വഭാവങ്ങളിലേക്കും കൊണ്ടെത്തിക്കുന്നത്. സ്വാതന്ത്ര്യം കിട്ടിയ കുട്ടികളെ ദുഃസ്വഭാവത്തിലേക്ക് എത്തിക്കാതിരിക്കാനുള്ള ഉത്തരവാദിത്വമാണ് അങ്ങേക്കുള്ളത്. കഴിഞ്ഞ തവണ പുതിയ എം.എൽ.എ. എന്നുള്ള നിലയിൽ ഈ സഭയിലേക്ക് കടന്നു വന്നപ്പോൾ ആദ്യമൊക്കെ മുൻ സ്പീക്കറുടെ പല നടപടികളിലും വിഷമവും അമർഷവും പലപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. എന്നാൽ ഇന്ന് ഈ സഭയുടെ മാന്യത വീണ്ടെടുത്തുയെന്നുള്ള നിലയിൽ അഭിമാനത്തോടുകൂടിയാണ് നിൽക്കുന്നത്. വ്യക്തിപരമായി പലപ്പോഴും അസംതൃപ്തി തോന്നിയെങ്കിലും ചിട്ടയോടുകൂടി സഭാപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്ന ആ ഒരു ഉത്തരവാദിത്വം അങ്ങും ഏറ്റെടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഒരിക്കൽക്കൂടി ആത്മാർത്ഥമായി അങ്ങയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, അങ്ങയെ നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുത്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. തീർച്ചയായും പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയും പറഞ്ഞതുപോലെ എല്ലാ സഹകരണവും അങ്ങേക്കുണ്ടാകും. പാർലമെന്റിൽ ഇടതുപക്ഷം സ്പീക്കറും കോൺഗ്രസ് നേതാവ് പ്രധാനമന്ത്രിയുമാണ്. പൊതു ബഡ്ജറ്റും റയിൽവേ ബഡ്ജറ്റും ഒരു ചർച്ചയുമില്ലാതെ പാസ്സാക്കിക്കൊടുത്തു. അതുകൊണ്ട് ഇവിടെ ചർച്ച വേണ്ടെന്നല്ല. പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഗവൺമെന്റിന്റെ ബിസിനസ്സ് നടത്തലാണ് സ്പീക്കറുടെ മുഖ്യകടമ. അതോടൊപ്പം പ്രതിപക്ഷത്തിന്റേയും ഭരണകക്ഷി അംഗങ്ങളുടേയും താൽപ്പര്യങ്ങളും സംരക്ഷിക്കണം. അതുപോലെ സഭ കൃത്യസമയത്ത് പിരിയണം. അതിന് നമ്മുടെ പ്രഗൽഭനായിട്ടുള്ള ശ്രീ. വക്കം പുരുഷോത്തമൻ മാതൃക കാണിച്ചിട്ടുണ്ട്. അത് അങ്ങും പിൻതുടരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അങ്ങേക്ക് സഭയുടെ മുഴുവൻ പിൻതുണയുമുണ്ടെന്ന് ഇവിടെ സംസാരിച്ച എല്ലാപേരും പറഞ്ഞുകഴിഞ്ഞു. അങ്ങ് രണ്ടാം തവണ പഴയതിനേക്കാളും മികച്ച സ്പീക്കറാണെന്ന പേരുവാങ്ങുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, തൃശ്ശൂർക്കാരനായ അങ്ങ് രണ്ടാം പ്രാവശ്യവും സഭയുടെ നാഥനെന്ന നിലയിലേക്ക് ഉയർത്തപ്പെട്ടതിലുള്ള എന്റെ സന്തോഷം ഞാൻ അറിയിക്കുന്നു. അങ്ങേക്ക് എല്ലാവിധ പിൻതുണയും അറിയിക്കുകയാണ്. നിയമസഭാ സ്പീക്കറെന്നു പറയുമ്പോൾ ഗവൺമെന്റിന്റെ ബിസിനസ്സ് നടത്തിക്കൊടുക്കണം. അത് ഭരണഘടനാപരമാണ്. പക്ഷെ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുവരുന്ന അംഗങ്ങൾക്ക് അവരുടെ മണ്ഡലത്തിലുള്ള ജനവിഭാഗങ്ങളുടെ വികാരം സഭയിൽ പ്രകടിപ്പിക്കാൻ അവസരമുണ്ടാവണം. അതിന് നിയന്ത്രണം അനിവാര്യമാണെങ്കിൽപ്പോലും അവരുടെ വികാരപ്രകടനത്തിനുള്ള അനുവാദം കൊടുക്കാനുള്ള സൻമനസ് കാണിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നിയമസഭയുടെ പ്രവർത്തനത്തിൽ, എന്റെ കാഴ്ചപ്പാടിൽ നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനം ഏറ്റവും പ്രസക്തിയുള്ളതാണ്. നിയമസഭാംഗങ്ങളും സഭാനാഥനായ സ്പീക്കറും നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നുണ്ടോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. നിയമസഭാംഗങ്ങൾ, നിയമസഭാ കമ്മിറ്റികളെ സജീവമായി മുന്നോട്ടു കൊണ്ടുപോയാൽ ജനപ്രതിനിധികളുടെ വില ഈ സംസ്ഥാനത്തെ ജനങ്ങളുടെ മുൻപിൽ ഉയരുമെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. സംസ്ഥാനത്തെ ശരിയായ പാതയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

നയിക്കാൻ, ഗവൺമെന്റിനെ തെറ്റിൽനിന്ന് ശരിയായ പാതയിലേക്ക് നയിക്കാൻ നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് കഴിയുമെന്നാണ് എന്റെ വിശ്വാസം. ഇൻഡ്യയ്ക്കുതന്നെ മാതൃകയായി രൂപീകൃതമായ സബ്ജക്ട് കമ്മിറ്റികൾ ഇന്ന് ഒരു നോക്കുകുത്തിയെന്നുള്ള നിലയിലേക്ക് മാറിയില്ലേയെന്ന് ഞാൻ സംശയിക്കുന്നു. അങ്ങയുടെ പരിമിതമായ കാലത്തിനിടയ്ക്ക്, ഒന്നരവർഷത്തിനിടയ്ക്ക് സബ്ജക്ട് കമ്മിറ്റികളുടെ പ്രസക്തി വർദ്ധിപ്പിക്കാൻ അങ്ങ് ശ്രമിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ടി.കെ. ദേവകുമാർ ഉന്നയിച്ച പ്രശ്നവും നിസ്സാരമായി കാണുന്നത് ശരിയല്ല. നിയമസഭയുടെ പ്രവർത്തനങ്ങൾ ഭരണഘടനാപരമാണ്. ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണെങ്കിൽപ്പോലും സഭയുടെ പ്രവർത്തനങ്ങളിൽ 'ശക്ധർ ആന്റ് കൗൾ' വളരെയധികം പ്രചോദനം നൽകുന്നു. നമ്മുടെ മുൻകാല പ്രവർത്തനങ്ങളും നടപടിക്രമങ്ങളും എപ്പോഴും സഭാ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് സഹായകരമാണ്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും റവന്യൂവും നിയമവും വകുപ്പുമന്ത്രിയും ചൂണ്ടിക്കാണിച്ചത് സഭയുടെ നടപടിക്രമത്തിന് ശരിയായോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അങ്ങ് ആ കാര്യത്തിൽ വ്യക്തമായ ഒരു മറുത്തരം നൽകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സഭയിൽ അംഗമല്ലാത്ത ഒരു വ്യക്തി മുഖ്യമന്ത്രിയായി ചാർജ്ജ് എടുത്താൽ അത് ബുള്ളറ്റിനിലൂടെ അറിയിച്ചാൽ മതിയെന്ന റവന്യൂവും നിയമവും വകുപ്പുമന്ത്രിയുടെ കാഴ്ചപ്പാട്, നിയമസഭയുടെ നടപടിക്രമങ്ങളുടെ മുൻകാല ചരിത്രമെടുത്ത് പരിശോധിക്കുമ്പോൾ അതിനോട് യോജിക്കാൻ കഴിയുന്നതല്ലെന്ന അഭിപ്രായം പറയാതിരിക്കാൻ സാധിക്കുകയില്ല. അത് ഇവിടെ ചർച്ചയാക്കാൻ ഞാൻ ആഗ്രഹിച്ചില്ലെങ്കിൽപോലും സഭയിൽ വന്നുപോയതുകൊണ്ട് സൂചിപ്പിക്കുകയാണ്. തീർച്ചയായിട്ടും ആ സംഭവവികാസങ്ങൾ, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട സാഹചര്യത്തിൽ, ഈ സഭയുടെ നേതാവായി തെരഞ്ഞെടുക്കപ്പെട്ടത് അറിയാനുള്ള ഞങ്ങളുടെ അവകാശത്തെ ചോദ്യം ചെയ്യാൻ ആർക്കും കഴിയില്ല. ഒരു ബുള്ളറ്റിനിലൂടെ അത് ഞങ്ങളെ അറിയിക്കേണ്ടതായിരുന്നുവെന്ന അഭിപ്രായംതന്നെ ഞാൻ രേഖപ്പെടുത്തുന്നു. ഒരു ചെറിയ വാചകംകൂടി സൂചിപ്പിക്കട്ടെ. ഒരു വകുപ്പല്ല സ്പീക്കർ പദവി. എം.എൽ.എ.-മാർ എന്നൊരു വകുപ്പുണ്ടാക്കി ആ വകുപ്പിൽ ഭരണം നടത്താൻ ശ്രമിച്ചാൽ അത് ഗുണകരമാവില്ല. കഴിഞ്ഞ തവണ സ്പീക്കറായിരുന്നപ്പോൾ ഒരു നല്ല സ്പീക്കറെന്ന പേരുണ്ടാക്കിയെടുക്കാൻ അങ്ങേക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതേ കാഴ്ചപ്പാടോടുകൂടിത്തന്നെ പറയട്ടെ, ഈ സഭാംഗങ്ങളുടെ മുഴുവൻ അവകാശങ്ങളും സംരക്ഷിക്കുന്ന ഒരു സംരക്ഷകന്റെ റോളിലേക്ക് മാറി ഈ സഭയെ സംരക്ഷിക്കാൻ, ഈ സഭയുടെ അന്തസ്സ് ഉയർത്തിക്കാട്ടാൻ അങ്ങയുടെ കാലഘട്ടത്തിൽ കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ഒരിക്കൽക്കൂടി പുതിയ സ്ഥാനത്തേക്ക് കടന്നുവന്ന അങ്ങേക്ക് എല്ലാവിധ ഭാവുകങ്ങളും ദൈവാനുഗ്രഹവും നേർന്നുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, പുതിയ സ്ഥാനലബ്ധിയിൽ ആത്മാർത്ഥമായും ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ഒൻപതാം കേരള നിയമസഭയുടെ 14-ാമത് സെഷനിൽ, 1995 ജൂൺ 27-ാം തീയതിയാണ് അങ്ങയെ സ്പീക്കറായി തെരഞ്ഞെടുത്തത്. എപ്പോഴും സ്പീക്കർ സ്ഥാനം അങ്ങയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക സാഹചര്യത്തിന്റെ സൃഷ്ടിയായിരുന്നു. 1995-ൽ ബഹുമാനപ്പെട്ട കെ. കരുണാകരൻ രാജി വച്ചപ്പോൾ അന്നത്തെ സ്പീക്കർ ശ്രീ. തങ്കച്ചൻ സ്ഥാനം ഒഴിഞ്ഞ് മന്ത്രിയായതിനെ ത്തുടർന്നാണ് 11 മാസം അങ്ങേക്ക് സ്പീക്കറായിരിക്കാൻ കഴിഞ്ഞത്. വീണ്ടും മറ്റൊരു സാഹചര്യത്തിൽ ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനമൊഴിഞ്ഞു. തുടർന്ന് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ സ്പീക്കർ സ്ഥാനം ഒഴിവാക്കി മന്ത്രിയായതിനെ ത്തുടർന്നാണ് 20 മാസം സ്പീക്കറാകാൻ അങ്ങേക്ക് അവസരം കിട്ടിയിരിക്കുന്നത്. പ്രോട്ടോക്കോൾ പ്രകാരം മുഖ്യമന്ത്രി കഴിഞ്ഞാൽ സ്പീക്കറാണ് മുന്നിൽ. സഭയെ സംബന്ധിച്ചിടത്തോളം വലിയ ഒരു സ്ഥാനമാണ് സ്പീക്കർക്കുള്ളത്. സ്പീക്കർ സ്ഥാനം രാജിവച്ച് മന്ത്രി സ്ഥാനം ഏറ്റെടുക്കുക എന്നുള്ളത് ആ സ്ഥാനത്തിനുതന്നെ അപമാനമാണ്. ഇനിയും ഇതേ രൂപത്തിലുള്ള ഒരു സാഹചര്യം വന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ തന്റെ ചില മുൻഗാമികളുടെ പാരമ്പര്യം ഇക്കാര്യത്തിൽ സ്വീകരിക്കരുത് എന്ന് ഞാൻ അപേക്ഷിക്കുകയാണ്. 9-ാം കേരള നിയമസഭയുടെ അവസാനഘട്ടത്തിലാണെങ്കിൽപ്പോലും അങ്ങേക്ക് ലഭിച്ച സ്പീക്കർ സ്ഥാനം, 1995-1996 കാലഘട്ടത്തിൽ ഫലപ്രദമായി ഉപയോഗിച്ചു എന്ന് നടപടിക്രമങ്ങൾ വ്യക്തമാക്കുന്നു. കേരളത്തിൽ കോളിളക്കം സൃഷ്ടിച്ച നിരവധി സംഭവങ്ങൾ അന്ന് ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടതാണ്. 11 മാസം ഈ സഭയിൽ നടത്തിയ അങ്ങയുടെ റൂളിംഗ് ഇന്നലെ രാത്രി മൂന്നര മണിക്കാണ് ഞാൻ വായിച്ചു തീർത്തത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രീമീലെയർ പ്രശ്നം നിശ്ചയിക്കാൻ മാനദണ്ഡം വേണമെന്ന് സുപ്രീംകോടതി പറഞ്ഞു. അന്നത്തെ കേരള ഗവൺമെന്റ് അത് അനുസരിച്ചില്ല; കണ്ടെംപ്ട് ഓഫ് കോർട്ട് ആയി ചീഫ് സെക്രട്ടറിക്ക് നോട്ടീസ് വന്നു. അന്ന് ഗവൺമെന്റിനെ സംരക്ഷിക്കാൻ അങ്ങ് ഇടപെട്ട രീതി ശ്ലാഘനീയമാണ്. സഖാവ് ഇ. പി. ജയരാജന് എതിരായുള്ള വധോദ്യമം നടന്ന കാലഘട്ടത്തിലാണ് അതൊക്കെ നടന്നത്. അതിൽ ഒരു പ്രതിയായ ശ്രീ. സുധാകരൻ ഈ അസംബ്ലിയിൽ വന്ന സമയത്ത് വമ്പിച്ച കോളിളക്കം ഈ സഭയിൽ ഉണ്ടായി. സമാധാനപരമായ ഒരു അന്തരീക്ഷത്തിൽ സഭ നിയന്ത്രിക്കാൻ അങ്ങ് കാട്ടിയ മെയ്വഴക്കം അഭിനന്ദനാർഹമാണ്. സൂര്യനെല്ലി സംഭവവും ആ കാലഘട്ടത്തിൽ സജീവമായി ചർച്ചചെയ്തിരുന്നു. 16 കേന്ദ്രങ്ങളിൽ 40 പേർ നടത്തിയ ബലാൽസംഗത്തിൽ അന്നത്തെ കോൺഗ്രസ്സിന്റെ ഒരു നേതാവ് പ്രതിയായി പോയി. അതിവിടെ അടിയന്തിരപ്രമേയമായി വന്ന സമയത്ത് അങ്ങ് വല്ലാതെ ബുദ്ധിമുട്ടി. പക്ഷേ ഭരണകക്ഷിയേയും പ്രതിപക്ഷത്തേയും വിശ്വാസത്തിൽ എടുത്തുകൊണ്ട് ആ

പ്രശ്നം ഡീൽ ചെയ്ത മാതൃക ഏതൊരു സ്പീക്കർക്കും അനുകരണീയമാണ്. അനധികൃത മദ്യഷാപ്പുകൾ പിക്കറ്റ് ചെയ്തതിൽ സ്തീകൾക്കെതിരായി പോലീസ് കേസ് എടുത്തു. അനധികൃത ഷാപ്പുകൾ അടച്ചുപൂട്ടി. സ്ത്രീകളുടെ പേരിൽ കേസ് നിലനിന്നു. ആ സമയത്ത് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുക്കുകയല്ല എല്ലാ കേസുകളും പിൻവലിക്കണമെന്ന് ഉത്തരവ് കൊടുക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രി അത് മുഖവിലയ്ക്കെടുത്ത് എല്ലാ കേസുകളും പിൻവലിച്ചു. ആ രൂപത്തിൽ റൂളിംഗ് കൊടുക്കുക മാത്രമല്ല ചെയ്തത്; ഉത്തരവ് കൊടുക്കുക കൂടി ചെയ്തു. .....(ബഹളം)..... അങ്ങേക്ക് എതിരായി മത്സരിക്കണമെന്ന് എനിക്ക് യാതൊരു നിർബന്ധവുമുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ സമവായം ഉണ്ടാക്കാൻ കഴിയുമായിരുന്നെങ്കിൽ ഇവിടെ ഈ മത്സരം ഒഴിവാക്കാമായിരുന്നു. കോൺഗ്രസിന്റെ കേന്ദ്ര നേതൃത്വം സ്വീകരിച്ചത് അതാണ്. അങ്ങനെയാണ് നേരത്തെ സി.പി.ഐ.(എം)-ന്റെ ഉന്നതനായ നേതാവ് അവിടെ സ്പീക്കറായത്. ആ രൂപത്തിൽ ഇവിടെയും കോൺഗ്രസ്സുകാർ സന്മനസ് കാട്ടും എന്ന പ്രതീക്ഷ എനിക്കില്ല. പക്ഷേ ഒരു സമവായത്തിന് ചുരുങ്ങിയപക്ഷം പ്രതിപക്ഷത്തോട് എങ്കിലും ഇന്ന ആളാണ് സ്ഥാനാർത്ഥി, സഹായിക്കണം എന്ന് മാന്യമായ സമീപനം നിങ്ങൾ സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. ഞങ്ങളുടെ കാര്യം പോകട്ടെ. ഭരണപക്ഷത്തെ ഘടക കക്ഷികളോട് പോലും ചോദിച്ചില്ല. അവരെ നിങ്ങൾ ചവിട്ടി പുറത്താക്കി! അവരുടെ വിലാപമാണ് ഇപ്പോൾ നമ്മൾ കേട്ടത്. ബഹുമാനപ്പെട്ട അങ്ങ് ഈ സ്പീക്കർ സ്ഥാനം എന്നതിലപ്പുറം റൂൾസ് കമ്മിറ്റിയുടെ ചെയർമാൻ കൂടിയാണ്. ആ റൂൾസ് കമ്മിറ്റി ഇതുവരെ കൂടിയിട്ടുണ്ടോ എന്നുപോലും അറിയില്ല. പലതും അപ്ഡേറ്റ് ചെയ്യണം. ചിലത് ഫലപ്രദമായി ഇൻവോക്ക് ചെയ്യണം. നിയമസഭാ നടപടിചട്ടങ്ങളിലെ റൂൾ 314 പ്രകാരമാണ് നിയമസഭയെ നിയന്ത്രിക്കുന്നത്. അവസരം ഉണ്ടായിട്ടുപോലും ഉപയോഗിക്കാതെ നിർജ്ജീവമായ കുറേ വകുപ്പുകൾ ഇപ്പോഴും അതിൽ കിടക്കുകയാണ്. ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻസ്, ഹാഫ് ആൻ അവർ ഡിസ്ക്കഷൻ, അഡ്ജേൺമെന്റ് മോഷൻ, വൺ അവർ ഡിസ്ക്കഷൻ ഇതൊക്കെ നമ്മുടെ നടപടി ചട്ടങ്ങളിൽ ഉള്ളതാണ്. ഇതൊക്കെ രണ്ട് പ്രാവശ്യമെങ്കിലും വേണമെന്നാണ് എഴുതിവച്ചത്. ജനകീയ പ്രശ്നങ്ങൾ ഏറ്റവും ഫലപ്രദമായി അവതരിപ്പിക്കുന്നതിനുള്ള മെമ്പർമാരുടെ അവകാശം ഇവിടെ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. നടപടി ചട്ടങ്ങൾ പുനഃപരിശോധിക്കണം. ജനകീയ വികാരം കൂടുതൽ ഫലപ്രദമായി അസംബ്ലിയിൽ പ്രകടിപ്പിക്കുന്നതിനും പരിഹാരം കാണുന്നതിനും സഹായകരമായ റൂൾസ് കമ്മിറ്റി ചേർന്ന് ആവശ്യമായ ഭേദഗതി വരുത്തണം. ഈ സഭയിൽ മാതൃകാപരമായ ഒരു സ്പീക്കർ എന്ന നിലയിൽ താങ്കൾ ഉയരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മറിച്ച് പ്രതിപക്ഷത്തിന് സ്പീക്കർക്ക് എതിരായി ഒരു റിമൂവൽ നോട്ടീസ് വീണ്ടും കൊടുക്കത്തക്ക രൂപത്തിൽ ഈ സഭയെ അങ്ങ് ചലിപ്പിക്കില്ല,

LIBRARY ARCHIVES Kerala Legislative Assembly

ചിന്തിപ്പിക്കില്ല എന്ന പരിപൂർണ്ണവിശ്വാസത്തോടുകൂടി 39 വോട്ടിന് എതിരായി 94 വോട്ടിന്റെ വമ്പിച്ച ഭൂരിപക്ഷത്തിന് ജയിച്ച അങ്ങേക്ക് മിൻഘായുസ് നേരുന്നു. അങ്ങയുടെ എല്ലാ പരിശ്രമങ്ങൾക്കും പരിപൂർണ്ണ പിന്തുണ ഉണ്ടാകുമെന്ന് ഉറപ്പ് നൽകിക്കൊണ്ട് തോറ്റ സ്ഥാനാർത്ഥി എന്ന നിലയിൽ ഞാൻ വീണ്ടു വീണ്ടും അങ്ങയെ അഭിനന്ദിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ഇവിടെ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റു കക്ഷി നേതാക്കളും എല്ലാം പ്രകടിപ്പിച്ച വികാരത്തോടും അഭിപ്രായത്തോടും ഞാൻ 100 ശതമാനം യോജിക്കുന്നു. ഞാൻ അങ്ങയെ ആത്മാർത്ഥമായി അഭിനന്ദിക്കുകയും അങ്ങ് ഈ പദവിയിൽ ഉയർന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നു. അങ്ങ് ആദ്യമായി ഈ സഭയിൽ കടന്നു വന്നപ്പോൾ ഞാൻ സ്പീക്കറായിരുന്നു. സഭയിലെ എല്ലാ അംഗങ്ങളേയും നല്ലതുപോലെ മനസ്സിലാക്കാനും പഠിക്കാനും കഴിയുന്നത് സ്പീക്കർക്ക് മാത്രമാണ്. ഈ സഭയിലുള്ള 141 അംഗങ്ങളുടേയും പേര് അറിയാവുന്ന ഏക വ്യക്തി സ്പീക്കർ മാത്രമാണെന്ന് ഈ സഭയിൽ എനിക്ക് പറയാൻ കഴിയും. അതുകൊണ്ട് ആദ്യം അങ്ങ് കടന്നുവന്നപ്പോൾ തന്നെ മിതവാക്കുകളോടുകൂടിയാണെങ്കിലും അങ്ങ് ഇവിടെ നടത്തിയ പ്രസംഗം വിലയിരുത്താൻ എനിക്ക് കഴിഞ്ഞു. ഇവിടെ നേരത്ത സൂചിപ്പിച്ചതുപോലെ വളരെ ശാന്തനും സൗമ്യനും അതിനെല്ലാം ഉപരി ഈശ്വരഭക്തനുമായ അങ്ങ് വളരെ അർത്ഥഗർഭമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ എല്ലാ കാലത്തും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അത് ആദ്യമേ മനസ്സിലാക്കിയ ഞാൻ അങ്ങയുടെ ഓരോ പ്രവർത്തനവും പ്രത്യേകമായി ശ്രദ്ധിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ഈ സ്ഥാനത്ത് എനിക്ക് പിന്നാലെ അങ്ങ് വരണമെന്ന് ആഗ്രഹിച്ച ഒരാളുമാണ് ഞാൻ. അത് നേടിയതിൽ മറ്റ് എല്ലാവരേയുംകാൾ എനിക്ക് കൂടുതൽ സന്തോഷമുണ്ട്. സ്ഥാനമൊഴിഞ്ഞ ഒരു വ്യക്തിയെന്ന നിലയിൽ ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്പീക്കർ സ്ഥാനത്തുനിന്നും താഴെ ഇറങ്ങി മന്ത്രി പദത്തിൽ വരുന്നത് അത്ര ശരിയല്ല എന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. അങ്ങേക്ക്, ഈ സഭയിൽ കണ്ട ഏറ്റവും വലിയ ആരാധകൻ ശ്രീ. എ. കെ. ബാലനാണ്. എല്ലാ ആരാധനയും ഉണ്ടായിട്ടും ശ്രീ. എ. കെ. ബാലന് അങ്ങയെ എതിർക്കേണ്ടിവന്നു. കാരണം എന്താണ്? അദ്ദേഹത്തിന്റെ പാർട്ടി പറഞ്ഞു. അതുപോലെ മിസ്റ്റർ ബാലൻ, എന്നെയും എന്റെ പാർട്ടി പറഞ്ഞു, ഇത് ചെയ്യൂ എന്ന്, ഞാൻ അതു ചെയ്തു, അത്ര തന്നെ! അത് ശ്രീമാൻ ആര്യാടൻ മുഹമ്മദിനും അറിയാം, ശ്രീ. ആര്യാടന്റെ ഉപദേശം എനിക്ക് ആവശ്യമില്ലെന്ന്. ഞാൻ അതിലേക്കൊന്നും ഈ സമയത്ത് കടന്നുചെല്ലാൻ ആഗ്രഹിക്കുന്നില്ല. വളരെ നിഷ്പക്ഷമായി എല്ലാവരോടും നീതി പുലർത്തണമെന്ന് വളരെ ആത്മാർത്ഥമായി ആഗ്രഹിച്ചാണ് ഞാൻ സ്പീക്കർ എന്ന നിലയിൽ പ്രവർത്തിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ പ്രതിപക്ഷ നേതാവുൾപ്പെടെ ഇവിടെ പറഞ്ഞതുപോലെ ഗവൺമെന്റിന്റെ ബിസ്സിനസ് നടത്തിക്കൊടുക്കാൻ ഒരു സ്പീക്കർ ബാദ്ധ്യസ്ഥനാണ്. ആ രീതിയിൽ ഞാൻ ആത്മാർത്ഥമായി പ്രവർത്തിച്ചു. ഗവൺമെന്റിന് ബിസ്സിനസ് നടത്തിക്കൊടുത്തിട്ടുണ്ട്. അതിനുപരി പലരും പ്രതിപക്ഷത്തുൾപ്പെടെയുള്ള ചിലർപോലും അഭിനന്ദിച്ചതുപോലെ കുറെ ഡിസിപ്ലിൻ ഉണ്ടാക്കാൻ ശ്രമിച്ചു. ഏത് സ്ഥലത്തും കുറച്ച് ഡിസിപ്ലിൻ വേണമെന്ന് ആഗ്രഹിക്കുന്നവനാണ് ഞാൻ. അത് എന്റെ ഒരു വീക്ക്നസ് ആണെന്ന് പറഞ്ഞാൽ പോലും ഞാൻ സമ്മതിക്കാൻ തയ്യാറാണ്. കർക്കശമായ ചില നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ടെന്ന വസ്തുതയും എനിക്ക് അറിയാം. അതിൽ ആർക്കെങ്കിലും വേദനയുണ്ടായിട്ടുണ്ടെങ്കിൽ ഞാൻ ഇപ്പോൾ അവരോട് മാപ്പ് ചോദിക്കുകയാണ്. പക്ഷെ എന്റെ ഉദ്ദേശശുദ്ധിയെ ആരും ചോദ്യം ചെയ്യരുത് എന്നുമാത്രം പറയുകയാണ്. എനിക്കെതിരായി ഇവിടെ അവിശ്വാസപ്രമേയം വരെ വന്നു, പക്ഷെ എന്നെ, ഈ ഭരണകക്ഷിയേക്കാൾ കൂടുതൽ ഇഷ്ടപ്പെടുന്നത് പ്രതിപക്ഷങ്ങളാണെന്ന് എനിക്ക് അറിയാം. അതുകൊണ്ട് എനിക്ക് അവരോട് പരിഭവമില്ല. ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. സാധാരണ എപ്പോൾ പ്രസംഗിച്ചാലും ഒന്നുരണ്ടു കുത്തിയില്ലെങ്കിൽ തൃപ്തിവരാത്ത ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ളവർ പറഞ്ഞു, അദ്ദേഹം പറഞ്ഞ ഒരു കാര്യം ഞാൻ പ്രത്യേകം എടുത്തുകാണിക്കുകയാണ്. എനിക്ക് കഴിഞ്ഞില്ലെങ്കിലും കമ്മിറ്റിയുടെ പ്രവർത്തനം നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ വിജയപ്രദമായി നടക്കുന്നില്ല, അത് അദ്ദേഹം സൂചിപ്പിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം വിശേഷിച്ചും, യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ പ്രസിഡന്റായിരുന്ന വിൽസൺ ഒരു പ്രാവശ്യം പറഞ്ഞു, Congress in Session is Congress on Exhibition. Congress in the Committee room is Congress at work എന്ന്. ഇപ്പോൾ പലപ്പോഴും നമ്മൾ അത് അനുകരിക്കുകയാണ്. നിയമസഭയിൽ പലപ്പോഴും നമ്മൾ കാണിക്കുന്നതും പ്രസംഗിക്കുന്നതുമെല്ലാം പരസ്യത്തിനുവേണ്ടിയാണ്. ആത്മാർത്ഥമായ പ്രവർത്തനം നടത്താൻ കഴിയുന്നത് കമ്മിറ്റി റൂമുകളിൽ ആണ്. അതുകൊണ്ട് കമ്മിറ്റികൾ കൂടുതൽ ശക്തിപ്പെടുത്തണമെന്ന അഭിപ്രായം അനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്കുതന്നെയുണ്ട്. മുഖ്യമന്ത്രി പറഞ്ഞു, 100 ദിവസം സഭ കൂടാൻ ശ്രമിക്കുമെന്ന്. ശ്രീ. എ.കെ. ആന്റണിയുടെ ഗവൺമെന്റ് വന്നപ്പോൾത്തന്നെ ഞാൻ മുഖ്യമന്ത്രിയുമായി സംസാരിച്ചു, നമുക്ക് പരമാവധി ദിവസം കൂടണം, പിന്നെ ഒരു വസ്തുത ഉണ്ട്, ഇപ്പോഴും ഇൻഡ്യയിലുള്ള നിയമസഭകളിൽ വച്ചേറ്റവും കൂടുതൽ സഭ കൂടിക്കൊണ്ടിരിക്കുന്നത് കേരളത്തിലാണ്. ഒന്നുരണ്ടു സംസ്ഥാനമൊഴിച്ചാൽ ബാക്കിയെല്ലാം നമ്മളേക്കാൾ വളരെ കുറച്ചുദിവസം മാത്രം കൂടുന്ന നിയമസഭകളാണ്. പക്ഷെ ഇതിനേക്കാൾ കൂടുതൽ കൂടണമെന്നുള്ള ബഹുമാനപ്പെട്ട അങ്ങയുടെ അഭിപ്രായത്തോട് യോജിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു ബഹുമാനപ്പെട്ട ആന്റണിയുടെ ഗവൺമെന്റും കൂടുതൽ ദിവസം കൂടണമെന്ന് ആഗ്രഹിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഞാനും അത് എല്ലാ അംഗങ്ങളോടും പറഞ്ഞതാണ്. പക്ഷെ അത് നടന്നില്ല. നമ്മൾ പ്രോഗ്രാം ചെയ്ത രീതിയിൽ പോലും കൂടാൻ കഴിഞ്ഞില്ല. അത് എന്താണെന്ന് പ്രതിപക്ഷാംഗങ്ങൾ കൂടി ആലോചിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. പെട്ടെന്ന് അജണ്ടയെല്ലാം മാറ്റിവച്ചുകൊണ്ട് പിരിയാൻ നമ്മൾ നിർബന്ധിതരാകുന്നു. എനിക്ക് വളരെ വിനീതമായ ഒരഭ്യർത്ഥനയുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ ശക്തമായി നിയമസഭയിൽ അവതരിപ്പിക്കാൻ പ്രതിപക്ഷാംഗങ്ങൾക്ക് അവകാശമുണ്ട്; കടമയുണ്ട്, ബാദ്ധ്യസ്ഥരുമാണ്. അവർ അത് ചെയ്യുകയും വേണം. അത് നിയമസഭയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതാകരുത് എന്ന് വിനീതമായ ഒരഭ്യർത്ഥനയുണ്ട്. അതുകൊണ്ടാണ് സഭയിൽ നിങ്ങൾക്ക് എത്ര ശക്തിയോടുകൂടി കാര്യങ്ങൾ പറയാൻ അവസരം തന്നാലും നിയമസഭ നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ പെട്ടെന്ന് പിരിയേണ്ടി വരും. കൂടുതൽ ദിവസം കൂടണമെന്ന് കഴിഞ്ഞ സ്പീക്കർ എന്നുള്ള നിലയിൽ ഞാൻ ആഗ്രഹിച്ചതാണ്. പക്ഷെ കഴിയാതെ പോയത് എന്റെ തെറ്റല്ല, ഗവൺമെന്റിന്റെ തെറ്റാണെന്നും ഞാൻ പറയുന്നില്ല. അങ്ങനെ ഒരു സാഹചര്യം ഉണ്ടാകാതെ ശ്രമിക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ വിനീതമായ നിർദ്ദേശം. മുഖ്യമന്ത്രിയുടെ അഭിനന്ദനീയമായ നിർദ്ദേശം വിജയിപ്പിക്കണമെങ്കിൽ പ്രതിപക്ഷത്തിന്റെ പരിപൂർണ്ണമായ സഹായ സഹകരണങ്ങൾ ഉണ്ടാകണം. അത് ഉണ്ടാകട്ടെയെന്ന് ഒരിക്കൽക്കൂടി ആശംസിച്ചുകൊണ്ട്, അങ്ങ് എന്തുകൊണ്ടും ഈ സ്ഥാനത്തിന് അർഹനാണ്, അങ്ങയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

മി. സ്പീക്കർ: ജനലക്ഷങ്ങളുടെ ആശയാഭിലാഷങ്ങൾ പ്രകടിപ്പിക്കാനും അവരുടെ ആഗ്രഹങ്ങൾക്ക് മൂർത്തരൂപം നൽകാനും വേണ്ടിയുള്ള ഈ മഹനീയസഭയുടെ നാഥനായി എന്നെ തെരഞ്ഞെടുത്തതിൽ എല്ലാ അംഗങ്ങളോടും ഞാൻ നിസ്സീമമായ നന്ദി രേഖപ്പെടുത്തട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും വിവിധ കക്ഷി നേതാക്കളും മറ്റ് ബഹുമാന്യ അംഗങ്ങളും എന്നെപ്പറ്റി പറഞ്ഞ നല്ല വചസ്സുകൾക്കും അനുമോദനങ്ങൾക്കും ഞാൻ അവരോട് അങ്ങേയറ്റം കൃതജ്ഞനാണ്. ഇതെന്റെ രണ്ടാമൂഴമാണ്. പ്രശസ്തരും പ്രഗൽഭരുമായ നിരവധി ജനനേതാക്കളുടെ കർമ്മരംഗമാണ് കേരള നിയമസഭ. ജനക്ഷേമകരവും പുരോഗമനപരവുമായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയ ചരിത്രവേദിയാണ് ഇത്. ഉന്നത നിലവാരത്തിലുള്ള നമ്മുടെ നിയമസഭയുടേയും വിവിധ സഭാസമിതികളുടേയും പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാന നിയമസഭകൾക്കും ഇൻഡ്യൻ പാർലമെന്റിനുതന്നെയും പലപ്പോഴും മാതൃകയായിട്ടുണ്ട്. ഈ നിയമസഭയുടെ നടപടികൾ നിയന്ത്രിക്കുകയും അതിന്റെ ഔന്നത്യം നിലനിർത്തുകയും ചെയ്ത എന്റെ മുൻഗാമികളെ ഞാൻ ഈ സന്ദർഭത്തിൽ ആദരപൂർവം സ്മരിക്കുന്നു. സഭാനാഥനെന്ന നിലയ്ക്ക് സർക്കാരിന്റെ ബിസിനസ്സുകൾ ഫലപ്രദമായി പൂർത്തീകരിക്കാൻ ശ്രമിക്കുന്നതോടൊപ്പം ബഹുമാന്യരായ മെമ്പർമാരുടെ ന്യായമായ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കാനും ഞാൻ പരമാവധി ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിനെ ഭരിക്കാൻ പ്രതിപക്ഷവും പ്രതിപക്ഷത്തിന്റെ വിമർശനങ്ങളെ ഉൾക്കൊള്ളാൻ സർക്കാരും ശ്രദ്ധിക്കണം. സഹിഷ്ണുതയും സമചിത്തതയും ഇല്ലെങ്കിൽ ജനാധിപത്യം തന്നെ അർത്ഥശൂന്യമാകും. സഭയിൽ നടക്കുന്ന സൂക്ഷ്മമായ കാര്യങ്ങൾ പോലും ദൃശ്യമാധ്യമങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ടെന്ന വിചാരം നമ്മെ കൂടുതൽ സംയമനചിത്തരാക്കണം. സ്പീക്കറെ റഫറിയായി പലരും ഉപമിക്കാറുണ്ട്. മൽസരം ആരോഗ്യകരമായി നടക്കണമെങ്കിൽ റഫറി മാത്രം വിചാരിച്ചാൽ പോരാ, കളിയുടെ നിയമങ്ങൾ കൃത്യമായി പാലിക്കാനും റഫറിയെ അനുസരിക്കാനും കളിക്കാരും തയ്യാറാകണം. സുഹൃത്തുക്കളായ നിങ്ങളുടെ സമ്പൂർണ്ണ സഹകരണത്തോടെ ഈ സഭയുടെ പാരമ്പര്യവും അന്തസ്സും നിലനിർത്താൻ കഴിയുമെന്നുതന്നെയാണ് എന്റെ ഉറച്ച വിശ്വാസം. ഏറ്റവും കുറച്ച് സംസാരിക്കുന്നവനാണ് നല്ല സ്പീക്കർ എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എന്നെ ഈ സഭയിൽ ഏറ്റവും കുറച്ച് സംസാരിപ്പിക്കാൻ നിങ്ങൾ സഹായിക്കണം. പതിനൊന്ന് മാസത്തെ എന്റെ റൂളിംഗുകൾ ഒക്കെ നന്നായി പഠിച്ചുവെന്ന് എനിക്കെതിരായി മത്സരിച്ച ശ്രീ. എ. കെ. ബാലൻ പറഞ്ഞു. നല്ലതുപോലെ ഹോംവർക്ക് ചെയ്യുന്ന ആളാണ് ശ്രീ. എ. കെ. ബാലൻ. അദ്ദേഹം പരിപൂർണ്ണമായും എന്റെ കൂടെയുണ്ട് എന്ന് കേട്ടപ്പോൾ എനിക്ക് അങ്ങേയറ്റത്തെ സന്തോഷം തോന്നി. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഞാൻ ചെവിക്കൊള്ളുന്നു. അദ്ദേഹത്തിന്റെ ഭീഷണികളിലും മുന്നറിയിപ്പിലും ഞാൻ പതറുന്നില്ല. പക്ഷെ എല്ലാപേരുടേയും സഹായ സഹകരണങ്ങൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു. നമസ്ക്കാരം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭയ്ക്കു മുൻപാകെ വയ്ക്കാൻ ഗവൺമെന്റിന് ഇപ്പോൾ മറ്റ് ബിസിനസുകൾ ഒന്നും ഇല്ലാത്തതുകൊണ്ട് സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: ഒരറിയിപ്പുണ്ട്. നമ്മുടെ ക്യാന്റീനിൽ ഒരു ലഘുഭക്ഷണം ഏർപ്പാട് ചെയ്തിട്ടുണ്ട്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പത്രപ്രവർത്തകരും അതിൽ പങ്കുചേരണം. സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു.

(സഭ രാവിലെ 11.55-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly